KOTTAYAM PUBLIC LIBRARY

Call No. MA.10 Acc. No. 13470

Author: രാമചന്ദ്രൻപിള്ള കെ.വി.

Title: ഗ്രാമീണ ഗായകൻ

886

13470

# ഗ്രാമീണഗായകൻ

പുതുശ്ശേരിൽ,
കെ. പി. രാമചന്ദ്രൻപിള്ള

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

Price Re 1/8

ഒന്നാം പതിപ്പ് അഞ്ഞൂറു പ്രതികൾ
1124 ചിങ്ങം

MA-10

പകർപ്പവകാശം രചയിതാവിൽ.

---

ഓരോ പ്രതിയിലും രചയിതാവിന്റെ കൈയൊപ്പുണ്ടായിരിക്കും.

# അവതാരിക

ഗ്രാമീണഗായകൻ എന്ന ഈ കടിഞ്ഞൂൽകൃതി കൈയ്യിൽകിട്ടിയപ്പോൾ സാവധാനം വായിക്കണമെന്നും സനിഷ്കർഷം നോക്കണമെന്നും ഒക്കെ വിചാരിച്ചാണു് ആരംഭിച്ചതു്. ആദ്യത്തെ രണ്ടു മൂന്നു ഖണ്ഡങ്ങൾ വായിച്ചപ്പോൾ മുറയ്ക്കു് മുറയ്ക്കു ഉത്സാഹിതനാവുകയും ചെയ്തു. പക്ഷേ വാസ്തവം പറയട്ടെ, ഗ്രന്ഥകാരൻ ഈ കടിഞ്ഞൂൽ പ്രസവം പുറത്താക്കാൻ കാണിച്ച തിടുക്കംകൊണ്ടു് അററംവരെ ആ കണക്കിനു പോകാൻസാധിച്ചില്ല. എങ്കിലും ഒന്നെനിക്കു വെളിവായി. ഇന്നത്തെ വിദ്യാത്ഥിലോകത്തിനു് പൊതുവായി കൈവന്നിട്ടുള്ള ദേശീയബോധത്തിൻെറ ഉത്തമമായ ഒരു നിദർശനമായി ഈ കൃതിയെ കണക്കാക്കാമെന്നു്. (ഗ്രന്ഥകാരൻ ഒരു ഇംഗ്ലീഷ് ഹൈസ്കൂൾ വിദ്യാർത്ഥിയാണു്) ഒരാറേഴു കൊല്ലം മുമ്പിലത്തെ വിദ്യാർത്ഥികൾ ഗാന്ധിയെന്നും നെഹ്രുവെന്നും ഒക്കെ പറഞ്ഞാൽ വെറും പേരുകൾമാത്രമായിരുന്നു. ഇന്നു് അങ്ങനെയല്ല. ഗാന്ധിയും നെഹ്രുവും നമ്മേക്കാൾ അവക്കാണേററവർ. 'ഗാന്ധിജി മരിച്ചു' എന്ന വാർത്ത ആ ശപിക്കപ്പെട്ട സായാഹ്നത്തിൽ എന്നോടാദ്യം പറഞ്ഞ വിദ്യാത്ഥിയുടെ മുഖം എനിക്കൊരിക്കലും വിസ്മരിക്കാൻവയ്യാ. മക്കൾക്കുമാത്രം തോന്നാവുന്ന—ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നു് നിഷ്കളങ്കമായി പുറപ്പെടുന്ന—തീവ്രവേദനയുടെ ചുളിവുകളാണു് ആ മുഖത്തു ഞാൻകണ്ടതു്. നമ്മുടെ നേതാക്കന്മാരുടെ ജീവി

തത്തോടും ജീവനോടും അവർക്കുള്ള ഈ അടുപ്പവും ഹൃദയൈക്യവും ഒരു മഹത്തായ വ്യതിയാനത്തിന്റെ നാന്ദിയാണ്. ആ വ്യതിയാനത്തിന്റെ ശംഖധ്വാനമാണ് ഈ കൃതിയിൽ ഉടനീളം നാം കേൾക്കുന്നതും. അകന്നുനിന്നല്ല അടുത്തുനിന്നാണ് കവി അവരെ കാണുന്നതും ആരാധിക്കുന്നതും.

സസ്പൃഹം സാഭിമാനമുച്ചത്തിൽ പാടും ഞങ്ങൾ;
സുസ്പഷ്ടം ചൊല്ലിത്തന്ന സ്വാതന്ത്ര്യസംഗീതങ്ങൾ

എന്ന് ആത്മധൈര്യത്തോടെ പറയാൻ അകന്നു നിന്നാരാധിക്കുന്നവർക്ക് സാധ്യമല്ല. ടാഗോറിന്റെ നഷ്ടത്തിൽ ദുഃഖിച്ചുകൊണ്ടെഴുതിയിട്ടുള്ള 'കെടാവിളക്കെ'ന്ന ഇതിലെ കവിതവായിച്ചപ്പോൾ മഹാകവി ഉള്ളൂരിന്റെ "മഹാസമാധി" എന്ന തദ്വിഷയകമായ കവിത ഞാൻ ഓർമ്മിച്ചു. മഹാകവിയുടെ കൃതിയിൽ കാണാത്ത ഒരടുപ്പവും സ്വാതന്ത്ര്യവും ഇതിലുണ്ടെന്ന് എനിക്കുതോന്നി. പൂർവ്വസങ്കേതങ്ങളനുസരിച്ചുള്ള ചില കല്പനകൾകൊണ്ട് പാദാദികേശം വർണ്ണിച്ചപ്പോഴാണ് അതു കുറെയെങ്കിലും നഷ്ടപ്പെട്ടത്. അത് ഈ കവിയിൽനിന്നു പ്രതീക്ഷിച്ചതല്ല. പോകട്ടെ. ഈ കവിതകളിലോരോന്നും എടുത്തു പരിശോധിക്കുവാൻ ഞാൻ തുനിയുന്നില്ല.

ഈ കൃതിയിൽ ഏറിയപങ്കും അർച്ചനാഗീതങ്ങളാണ്. മഹത്വത്തെ മാനിക്കുന്നതിലുള്ള അകളങ്കമായ ഔത്സുക്യമാണല്ലോ അർച്ചനകൾക്കുനിദാനം. അതു് ഈ കവിക്കുണ്ട്: വേണ്ടുവോളമുണ്ട്. ചങ്ങമ്പുഴയെപ്പറ്റിയുള്ള ആ ഒടുക്കത്തെ കൃതി എല്ലാററിനും മകുടം ചാർത്തുന്നു.

ഇദ്ദേഹം ചങ്ങമ്പുഴക്കവിതകളെ എത്രമാത്രം മനസ്സിരുത്തി പഠിച്ചിരിക്കുന്നു എന്നു നമുക്കത്ഭുതം തോന്നും. അതേ ശയ്യ, അതേ ലാളിത്യം, അതേ വികാരങ്ങൾ. പരശ്ശതം അനുശോചനങ്ങൾ ആ കവിയുടെ മരണത്താൽകേട്ടെങ്കിലും ഇത്രത്തോളം എൻെറ ഹൃദയത്തിൽ തട്ടിയതായി ഏറെയില്ല. ഈ കവിയ്ക്കു ഭാവുകം നേരുന്നതിൽ എനിയ്ക്കു് യഥാർത്ഥമായ സന്തോഷമുണ്ടു്.

എസ്സ്. ഗുപ്തൻനായർ എം. എ.,

യൂണിവേഴ്സിററികോളേജ്,

തിരുവനന്തപുരം

6—I—1124.

# പ്രസ്താവന

സഹൃദയലോകത്തിൻെറ സന്മനോഭാവത്തെ പ്രതീക്ഷിച്ച് ഗ്രാമീണഗായകനെ പൊതുജനസമക്ഷം അയയ്ക്കുകയാണ്. ആരു് എങ്ങനെ വിചാരിച്ചാലും ആശ്ലേഷിക്കുന്നവരോടും ആട്ടിപ്പായിക്കുന്നവരോടും അവൻ ഒന്നുപോലെ നന്ദിയുള്ളവനായിരിക്കും.

അവതാരകൻ പറയുന്നതു ശരിയാണെങ്കിൽ—"ഇന്നത്തെ വിദ്യാർത്ഥിലോകത്തിന് പൊതുവായി കൈവന്നിട്ടുള്ള ദേശീയബോധ"ത്തിൻെറ ഒരംശം സംഭവബഹുലമായ കഴിഞ്ഞവർഷത്തെ വിദ്യാർത്ഥിജീവിതത്തിൽ എനിക്കു നല്കിയ പ്രേരണയുടെ ഫലമായുണ്ടായതാണ് ഇതിലെ പല കവിതകളും. ഹൃദയസ്പൃക്കായ ചില സംഭവവികാസങ്ങൾ ചൂടുപിടിപ്പിച്ച വികാരങ്ങളുടെ പ്രതിഫലനമാണ് മററു ചിലതു്. അവയുടെ ഒരു സംസ്കൃതരൂപമാണ് ഈ വിനീതോപഹാരം. അവ, ഇങ്ങനെയൊരു പുസ്തകരൂപത്തിൽ പെട്ടെന്നുതന്നെ പുറത്തിറക്കുന്നതിന് എനിക്കുണ്ടായവെമ്പൽ അഥവാ അത്യാശയാണ്, ഇതിൽ എന്തെങ്കിലും 'പിശകുകൾ' കടന്നുകൂടിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്നുള്ളതും പ്രസ്താവ്യമാണ്.

ഈ പ്രസിദ്ധീകരണത്തിന് എന്നെ പ്രേരിപ്പിക്കയും ആത്മാർത്ഥമായി സഹായിക്കയുംചെയ്ത ധർമ്മദേശം പ്രസ്സ് ഉടമസ്ഥരോടും എത്രയും തിരക്കത്തിൽ ബദ്ധപ്പെട്ടു് ഒരവതാരിക എഴുതിത്തന്ന രാജശ്രീ എസ്സ്. ഗുപ്തൻനായർ

അവർകൾ എം. ഏ. യോടും എനിയ്ക്കുള്ള കടപ്പാട് വാഗതീതമാണു്. കവിതാവിഷയകമായി ചെറുപ്പത്തിലെതന്നെ വേണ്ടനിർദ്ദേശങ്ങൾ നല്കി എന്നെ പ്രോത്സാഹിപ്പിച്ചു വന്ദ്യഗുരുനാഥൻ സാഹിത്യശിരോമണി, ബ്രഹ്മശ്രീ. കെ. കേശവൻപോററി തുടങ്ങിയ എന്റെ എല്ലാ അഭ്യുദയകാംക്ഷികളോടും എനിക്കുള്ള കടപ്പാട് ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളട്ടെ.

കാഞ്ഞിപ്പുഴ
6—1—1124

രചയിതാവു്

## സമർപ്പണം

എന്റെ വന്ദ്യപിതാവ്
പരേതനായ
പോക്കാട്ട്, ദാമോദരൻപിള്ള
അവർകളുടെ
നിത്യസ്മരണയ്ക്ക്

## ഉള്ളടക്കം


1. കൂപ്പുകൈ.
2. കെടാവിളക്ക്
3. ബാപ്പുജി
4. എന്റെവിദ്യാലയം! എന്റെ ദേവാലയം!!
5. പുരോഗതിയുടെ പുറകിൽ നിന്നും
6. പ്രണയത്തിന്റെ ബലിപീഠത്തിൽ
7. ആ കണ്ണീരാണെനിക്കിഷ്ടം
8. ആ സമുദായസഖ്യം
9. നാളത്തെ പ്രഭാതത്തിൽ
10. കെടുതികൾ
11. ബാല്യമേ! നമസ്കാരം
12. സ്വാന്ത്വനം
13. സ്മരണയുടെ മറവിൽ
14. അഭിസാരിക
15. മഹാകവി ഇന്നു്
16. കർമ്മകാഹളം
17. വിഷാദാത്മകനായ കവിയോട്
18. കുയിലിനോട്
19. ആ ഗ്രാമീണഗായകൻ

## I. കൂപ്പുകൈ

വിജയക്കൊടിചൂടി,
വിശ്വസൗഹാർദ്ദംതേടി,
വിഗതാതങ്കം സാർവ്വ-
ദേശീയബോധം നേടി

രാഷ്ട്രങ്ങൾ സ്വതന്ത്രമായ്......
തകിടം മറിഞ്ഞു, സാ-
മ്രാജ്യങ്ങളന്ത്യശ്വാസം
വലിച്ചു മരിക്കയായ്!...

മതവിദ്വേഷംപൂണ്ടു?
ന്നങ്ങളിത്തല്ലീടുന്ന
മദവിഭ്രാന്തന്മാരോ-
ടാത്മോപദേശംചെയ്യാൻ—

വിശ്വസാഹോദര്യത്തിൻ
സന്ദേശമോതീടുവാൻ,-
അശ്വാദാനന്ദത്തിന്റെ
നറുന്തേൻ പകരുവാൻ,—

ഞെ

ഉദാത്തഹൃദയത്തി
ലാത്മശാന്തിതൻപാഠം
നിത്യവും പകർത്തുവാൻ
വന്നെത്തും മുഹൂർത്തമേ!

ആർഷഭാരതം തപം
ചെയ്തുസൽ പുണ്യത്തിന്റെ
വാർഷികഫലപരീ-
പാകമേ! വിജയിപ്പൂ!

വിജയിപ്പൂതാകീ നീ,
യാത്മസന്ത്യാഗത്തിന്റെ-
വിജയച്ചെങ്കോലണി-
പ്പൊൻകിരീടമേ! മേന്മേൽ!

“അക്രമരാഹിത്യ”ത്താ-
‘ലക്രമ’ത്തെവെന്നീടാ-
നനല്പകൃപാകര’നോതി,
സാത്വികൻ—മഹാഭാഗൻ

ആംഗലസാമ്രാജ്യത്തെ-
മുട്ടുകുത്തിക്കാൻപോന്ന-
മായതു“അഹിംസ”താ-
നങ്ങുതന്മഹാമന്ത്രം.

"അച്ചടക്ക"ത്തോടെന്നും
ശാന്തമായ് സാധിക്കാമെ-
ന്നുച്ചത്തിലവിടുന്നു
കാട്ടിത്തന്നെങ്ങൾക്കായി.

അങ്ങതാൻ, ഞങ്ങൾക്കെല്ലാം
രാഷ്ട്രീയ പിതാമഹൻ,
അങ്ങതാൻ, ലോകത്തിനു
സ്വാതന്ത്ര്യതപോധനൻ;

അങ്ങതാനജ്ഞർക്കാത്മ-
വിദ്യോപദേഷ്ടാവങ്ങ-
ന്നൊന്നുതാനൃഷിനാടിൻ,
സംസ്കാരപുണ്യോൽക്കരം!...

മങ്ങാതെ മറക്കാതെ
നിത്യവും പകർന്നു-
ങ്ങങ്ങന്നു പഠിപ്പിച്ച
ദേശീയ പാഠം ഞങ്ങൾ;

ഭംഗിയായ് സരസമായ്
നിയതം പഠിക്കുന്നു-
ണ്ടങ്ങിങ്ങു തുറന്നുള്ളോര-
കർമ്മകാണ്ഡം ഞങ്ങൾ;

മൂണ്

സസ്പൃഹം സാഭിമാന
മുച്ചത്തിൽ പാടും ഞങ്ങൾ;
സുസ്പഷ്ടം ചൊല്ലിത്തന്ന
സ്വാതന്ത്ര്യസംഗീതങ്ങൾ:...

വിസ്മരിക്കുവാനെങ്ങൾ-
ക്കാവതില്ലിന്നാരെയും
വിസ്മയിപ്പിച്ചീടുമാ-
ദേവനചരിത്രങ്ങൾ!—

ആയിരമിളാക്രുപ്പു-
കൈകള്ളുകളവിടുത്തെ
ആയതപാദങ്ങളി
ലീയിവരർപ്പിക്കട്ടെ!

ആനന്ദസ്മിതംതൂകി
നെടുനാൾ ജീവിക്കുവാൻ
ആനതഹൃദയങ്ങൾ
കുമ്പിടട്ടെല്ലായ്പ്പോഴും!...

നേതാവേ! പാവങ്ങൾതൻ-
ഭ്രാതാവേ! നിരായുധ-

ജേതാവേ! മഹാത്മാവേ!

നിതരാം ജയിച്ചാലും!!—

[1947 ഒക്ടോബർ.]

---

ഭരണിക്കാവ് ഇംഗ്ലീഷ് ഹൈസ്കൂൾ വിദ്യാർത്ഥികൾ, ൧൧൨൩ ഒക്ടോബറിൽ ഗാന്ധിജയന്തി ആഘോഷിച്ച് നടത്തിയ പൊതുയോഗത്തിൽ പാടുവാൻ എഴുതിയത്.

## II. കെടാവിളക്ക്

വിശ്വസിക്കുവാനാവില്ലെനിക്കാ
വിശ്വവീണതകർന്നുപോയെന്നോ?...

കാതിനൊപ്പം കരളും കവന്ന
ഗാനതന്തു നിലച്ചുപോയെന്നോ?...

ഭവ്യഗീതങ്ങളാലപിച്ചുള്ള
'ദിവ്യകോകില'മന്തരിച്ചെന്നോ?

അസ്തമിച്ചുകഴിഞ്ഞുപോയെന്നോ
ചിൽ പ്രദീപ്തിതിയുത്താരവീന്ദ്രൻ...?

വിശ്വഭാരതീ! താവകനാഥൻ
ശാശ്വതാനന്ദ മാണ്ടുകഴിഞ്ഞു!...

നിത്യവൈധവ്യമാർന്നദേവി! ത്വ-
ന്മുഗ്ദ്ധതാരുണ്യമസ്തമിച്ചല്ലോ!...

..................................................

വംഗസാഹിത്യസാമ്രാജ്യമേ! നിൻ
വജ്രരത്നകിരീടം തകർന്നു!...

..................................

ആമ്

വിശ്വവിദ്യാനികേതനമേ! നിൻ
വശ്യവാക്കാം ഗുരുവന്തരിച്ചു!...

ശൂന്യശാന്തിനികേതനമേ! നിൻ
ദൈന്യത!—ഹാ! നിറയുന്നു കൺകളും

നാദപേടകം പൊട്ടിത്തകർന്ന
സാമഗാന സ്വപ്നഗ്രാഹിക നീ,

സാർവ്വലോകകലാനിലയം നീ,
ശാർവ്വരീശനില്ലാത്ത രജനി,

ക്ഷാന്തികോലും വിശാലരാഗം വിൺ
ശാന്തിനേരും നികേതനമേ! നീ,

ആർഷസംസ്കാരസമ്പദ്വിധാത്രീ!
ആത്മസത്യസാരാർത്ഥപ്രദാത്രീ!

കൈതൊഴുന്നു ഞാ,നത്ഭുതശാന്തി
കൈവല്യന്നമഹസ്സേ, നിൻമുന്നിൽ

വിശ്വസിക്കുവാനാവില്ലെനിക്കാ-
വിശ്വഗീതം നിലച്ചുപോയെന്നോ?...

സ്നേഹരൂപം പ്രതിഫലിച്ചുള്ള
മോഹനമാവിടുന്ന്മിഴികൾ!...

ആയതിന്നിത്തുറക്കുവാനാവാ-
താഞ്ഞടച്ചുപോയെന്നേക്കുമായി!

പൊന്തിടുന്നോരുഷഃ കാന്തിപോല
ഉന്തിനില്ക്കുന്ന നാസാപുടാഗ്രം!...

അർദ്ധചന്ദ്രോദയത്തെക്കുറിക്കും
വിസ്തൃതമാല ലലാടഫലകം!

കാരുണീരസം തുള്ളിത്തുളുമ്പു-
മാരുണിമ കലർന്നകപോലം!

വിശ്വനാദശ്രവണോത്സുകങ്ങൾ
വിസ്തൃതങ്ങളക്കാതുകൾ രണ്ടും,

കാലദൈർഘ്യചരിത്രം കുറിയ്ക്കാൻ
തോളിനൊപ്പം വളർന്നുള്ള കേശം

പാരതന്ത്ര്യത്തെ വെല്ലുവിളിക്കാൻ
പാരിനേകും പ്രചോദനംപോലെ,

കർമ്മവീര്യമാ മമ്പാൽകുലച്ച
കാർമ്മുകങ്ങളച്ചില്ലീയുഗളം.

മൺ മറഞ്ഞു കഴിഞ്ഞുപോയല്ലോ?
കൺമയക്കും കമനീയതേ നീ!

സ്നേഹസാരം പകർന്നു നിറച്ച-
ചേതനമാവിശാലഹൃദയം-

പാതിയോളം മറയ്ക്കുന്നലോല-
ഖാദിനൂലെന്ന തോന്നുന്ന ദീക്ഷ.

ഒത്തൊരുമിച്ച കർമ്മകൗശല്യ-
ഹൃത്തരംഗമാണാവക്ത്രപത്മം.

ദീർഘ, മാജാനു ബാഹുവച്ചിത്ര-
മാക്കു സാധിക്കുമാക്കാതിരിക്കാൻ?...

അസ്തചേതന മായിക്കഴിഞ്ഞാ-
സത്യസംഗീതി പാടിയവക്ത്രം!...

നിത്യശാന്തി പുലർന്നുകഴിഞ്ഞാ
നിസ്തുല്യാദർശമോതിയ ചിത്തം!...

എന്നിനിയൊന്നുദിക്കും, മഹസ്സാൽ
മന്നിനെത്തഴുകാനാ "രവീന്ദ്ര"ൻ?

എന്നിനിയൊന്നുദിയ്ക്കു, മുഷസ്സിൻ-
പൊന്നിലാവാൽ പുണരുവാൻ നമ്മെ?...

മൃത്യുവേ! നിനക്കെങ്ങിനെയൊത്താ-
വൃദ്ധതേജസ്സണച്ചുകളയാൻ?

ഭാരതത്തിന്റെ മംഗല്യദീപം,
ഹാ! നശിക്കില്ലതിൻതൂവെളിച്ചം;

കാലമേ! നിൻകറുത്ത ശീലയ്ക്കു-
മാവതില്ലാ പ്രകാശമൊതുക്കാൻ

പൂനിലാവുപൊഴിക്കുമാസ്സൂര്യൻ
ഭൂമിയുള്ളൊരു കാലംവരേയ്ക്കും;

സാമഗീതിയുതിക്കുമാവീണ,-
ലോകമുള്ളൊരുനാളുവരേയ്ക്കും.

---

വിശ്വൈകഗുരുനാഥനായ ആ "ദിവ്യകോകില"ത്തിന്റെ—ശ്രീരവീന്ദ്രനാഥടാഗോറിന്റെ വിയോഗത്തിൽ അനുശോചിച്ചു് എഴുതിയതു്.

പള്ളു്

## III. ബാപ്പുജി

വെള്ളിടി കണ്ണഞ്ചിക്കും
വെള്ളിടി!... മതാ തീർന്നു!
കൊള്ളിമീനുകൾ ചുററും
പാറുന്നു തീജ്വാലകൾ

വാനിടംമാരിക്കാറാൽ
മൂടുന്നു, കരിങ്കൊടി
മന്നിടമുയർത്തിയ
മാതിരിയവിടെങ്ങും!

കറുത്തതിരശ്ശീല
യതിനാൽമുഖംമൂടി
വിയത്ഖണ്ഡത്തിൽതേജോ—
ഗോളങ്ങൾ—നക്ഷത്രങ്ങൾ!

അങ്ങതാ!ചുട്ടുനിണം
പുരളും ശുഭ്രാംബരം
മുങ്ങുവാനായിട്ടാഴി
ക്കക്കരെയെഴിച്ചുക്കൻ

പതിവെ:ന്നു’

നിത്യകർമ്മങ്ങൾക്കൊരു
ങ്ങീടവേ,യജ്ഞാതമാം-
ദൃഷ്ടമാംവിധിതള്ളി
വീഴ്ത്തിയക്കൊടുനീററിൽ!...

അന്ധകാരത്തിന്മറ
വീണതാ! ശോകാന്ധമാ
മന്ധകാരത്തിൻനൃത്ത-
രംഗമായ് ഭൂമണ്ഡലം!

*        *

*        *

വേദനാഭരിതങ്ങൾ
മ്ലാനമാംവദനങ്ങൾ
ആയിരക്കണക്കതാ
നിറഞ്ഞു'ദില്ലീപുരം'!

'ബിർളാമന്ദിര'ത്തിലേ,
ക്കാശയാ—ലുകണ്ടെത്താൽ
ലെല്ലാരുംതൊഴുകയ്യു
മായതാനിശ്ചേഷ്ടരായ്,

വിവശവികാരത്താൽ
തരളഹൃദയരായ്,
വിവിധമതാദർശ
സംസ്കാരമാർന്നുള്ളവർ

നില്ക്കുന്നു; നിശ്ശബ്ദത്താൽ
വായ്പൊത്തിയനങ്ങാതെ
നിശ്ചലംകൽത്തൂണുപോ
ലൊററലക്ഷ്യത്തേനോക്കി.

തിങ്ങിടുംവിഷാദങ്ങ
ളാകവേചുടുവീർപ്പായ്
പൊങ്ങുന്നു, നിറയുന്നു
വാനിടംചലനത്താൽ.

കണ്ണുകളെല്ലാമൊപ്പം
നനയുന്നഹോ! കഷ്ടം!
വിണ്ണിലേക്കുയർന്നെന്തോ
ഭൂമിയിൽനിന്നുക്ഷണം...

ഇന്നോളമീലോകത്തിൽ
വെളിച്ചംപകർന്നോരാ—

പ്പൊൻവിളക്കൊന്നുപെട്ടെ
ന്നണഞ്ഞുകഴിഞ്ഞൂഹാ!

നിന്നുപോയ് നിരന്തര
മൊന്നുപോലവിശ്രാന്തം
സ്പന്ദിച്ചുനിന്നുള്ളൊര
ജ്ജീവിതപ്രവാഹിനി....

നിലച്ചുനാഡിസ്പന്ദ
മിക്കിളിച്ചിളക്കുവാൻ
തണുത്തുമരവിച്ച
ശീതക്കാററടിക്കവേ,

ഞരമ്പുതളർന്നതാ
ബോധഹീനയാംഭൂമി
ഞരങ്ങിഞരങ്ങി
യെന്തൊക്കെയോപുലമ്പുന്നൂ....

വജ്രപാതത്തെക്കാളും
ഭീകര,മിബ്ഭൂമിതൻ
വക്ഷസ്സിലല്ലീനിപ
തിച്ചതീകെടുഖഡ്ഗം?

ബാപ്പുജി!.... കണ്ണീരിൻെറ
പശ്ചാത്തമായിത്തീൎന്നി
ന്നാപ്പദ—മാത്ത്യൈക്ഷരി-
യാദിവ്യവേദാന്തോക്തി......

നെഞ്ചകംപൊട്ടിത്തൂവും
ചെഞ്ചോരച്ചിന്തിച്ചിന്തി
സഞ്ചിതസംസ്കാരമേ!
പഞ്ചതപമാൎന്നല്ലോ? നീ......

ഭീകരീ....മെന്താണനാം
കേൾപ്പതു? മഹാത്മജി,
കേവലമൊരു'വെടി
യുണ്ട'യാൽമരിച്ചെന്നോ?.,

ഭാരതസംസ്കാരത്തിൻ
ത്തൂവെള്ളിച്ചംതൂവിയ
ച് ഭാസുരമണിദീപ
മയ്യോ! നീപൊലിഞ്ഞെന്നോ?

ഉടഞ്ഞുതരിപ്പണ
മായിമണ്ണടിഞ്ഞെന്നോ?

[illegible]

ഉടലാണ്ടോരദ്ദിവ്യ
ശാന്തിതൻതേജോരൂപം...

നിത്യമാം‘അഹിംസ’തൻ
‘വിജയ’മുയിർക്കൊണ്ട
സത്യമേ! മാഹാത്മ്യത്തിൽ
മംഗളചരിത്രമേ!

ഹിംസയാൽനശിക്കുവാ
നാവില്ല നിൻചൈതന്യം
ഹിംസയേതോല്പിച്ചുനീ
യാദ്ധ്യാത്മികാദർശത്താൽ?

‘കംസനെ’ കരയിച്ച
‘കൗമാരപ്രഭാവം’നിൻ
സംസ്കാരചരിത്രത്തി
ലലിഞ്ഞുകിടപ്പില്ലീ
ഭാരതസംസ്കാരമേ!

നിന്മെയ്യിൽകെട്ടചെളി
വാരിത്തേച്ചൊരുദുഷ്ടൻ—
നീതന്നെ വളത്തിയോൻ

പതിനാല്

നിൻമുലപ്പാലിൻസ്വാദു
വരാത്തനാവാൽതന്നെ
നിൻമുഖകമലത്തിൽ
തുപ്പുകയായിന്നവൻ

'നാഥുറാം'...കലിയുടെ
കങ്കാളരൂപം പൂണ്ട
'വ്യാധന്മാ'രിവനെപ്പോ
ലി'ത്തപോവനിക'യിൽ

മുൻപുമുണ്ടായിട്ടുണ്ട്
കാളിയസത്താൽതീർത്ത
'അമ്പി'നാൽ സദ്ധർമ്മത്തെ
യെയ്തുവീഴ്ത്തുവാൻമണ്ണിൽ

'കുരിശാ'രോഹിപ്പിച്ചു,
'ശ്രീയേശുമിശിഹാ'യെ
അശനം കഴിപ്പിച്ചു
വിഷത്താൽശ്രീബുദ്ധനെ,

മാംസദാഹത്താലൊരു
സ്വാർത്ഥനാം'നിഷാദ'നീ
മാണ്ണെഴുംമാറിൽ
മുറിവേൽപിച്ചുനിഹനിച്ചു!

---

പകിതേജ്

കൂപ്പുക, കരങ്ങളേ!
യമ്മഹാപാപങ്ങൾക്കായ്
മാപ്പേകാനവർക്കെല്ലാം
ജഗദീശനോടെന്നും,

അങ്ങിനെ ചെയ്യാനത്രേ,
നമ്മുടെ പിതാമഹൻ
മംഗളൻ മഹാത്മാവു
നമ്മോടു ചൊല്ലിത്തന്നു

അമ്മഹാൻ കാട്ടിത്തന്നോ
രാദർശമതേപോലെ
നമ്മളാചരിക്കുക
യൊന്നുതാൻ തൽപൂജനം

“തെററു ചെയ്തീടുന്നോർക്കു
മാപ്പു നൽകുക, ചെയ്ത
തെററിനു പശ്ചാത്താപ
മൊന്നുതാൻ പ്രായശ്ചിത്തം”

... ...

... ...

ജയിപ്പൂ മഹാത്മജി
ജയിപ്പൂ! ശ്രീഗാന്ധിജി!
ജയിപ്പൂ! ലോകക്കെന്നും
‘ബാപ്പുജി’യായുള്ളോവേ!

---

# VI എൻെറവിദ്യാലയം

എൻെറദേവാലയം!

ഇരവുപകലൊപ്പം പ്രഭാപൂർണ്ണമാക്കുവാൻ
വിരുത്തുപെരുകീടുന്ന വിശ്വപ്രകാശമേ!

അഴലിലുമഭംഗമാമാനന്ദദീപ്തിയിൻ
കതിരൊളിവിരിക്കുന്നപ്രേമസ്വരൂപമേ!

അതിവിപുലഗംഭീരമാഴിപ്പരപ്പിലാ-
യലകണിചേർക്കുന്നൊരത്ഭുതാദർശമേ!

അചലവുമനന്തമാമാഴിയുംഭുവില-
ങ്ങവിടവിടെനിർമ്മിച്ചസൽകലാഭാസമേ!

പ്രണവമഹിമാവിൻപ്രപഞ്ചസൗന്ദര്യമേ!
പ്രണയഭരിതങ്ങളെൻ കൂപ്പുകൈക്കുമ്പുകൾ!...

* * *

പ്രതിനിമിഷമോരോപ്രബന്ധകാവ്യങ്ങളാൽ
പ്രതിഫലനമാർന്നതാണെൻെറവിദ്യാലയം!

പരഞ്ഞൂൻപള്ള്

പ്രകൃതിയുടെവൈചിത്ര്യസൂത്രപാഠങ്ങളാൽ
പ്രകരണവിഭക്തമാം വിശ്വവിദ്യാലയം!

അനവരതമർച്ചനാപുഷ്പപാത്രങ്ങളാ-
ലനിതരവിശാലം, പ്രപഞ്ചദേവാലയം!

അനഘമഹിമാവെഴുംവേദപ്പൊരുളയി-
ണിയുമത്തുപള്ളികൊള്ളുന്നതിങ്ങനാഹം!

അതുലമിഹ'പള്ളിശംഖൂ'തുന്നുണർത്തുവാൻ
കുതുകമൊടുകാട്ടുപൂങ്കോഴിതൻ'കാഹളം'

അലയൊലികളാലി'ഇടക്ക'കൊട്ടുന്നിതി-
പ്പുലരിയിലുഷഃപൂജനത്തിന്നുസാഗരം

വിഹഗനിവഹങ്ങൾതൻ'നാഗസ്വര'ങ്ങളി-
'അഹമഹമിക'കളായ് തീരുന്നുമേൽക്കുമേൽ

അപ്പൊഴുതി'ലസ്തചന്ദ്രത്തുവിളക്കി'നൊ-
ത്തവിടവിടെമിന്നുന്നു'കർപ്പൂരതാരകം'

അമലനവകാന്തിയാർന്നുജ്വലിച്ചപ്പൊഴേ-
ള്ളൂഖിലജനനാഥനുഷസ്സിന്റെകോവിലിൽ

ഇടപ്പള്ളി

പ്രകൃതിയുടെപുത്തനാംസൽക്കാരശാലയിൽ
തൽകൃതിയിലൊരുക്കുന്നനവ്യനൈവേദ്യകം

അരുണകിരണങ്ങളാമർച്ചാസുമങ്ങളാൽ
വർണ്ണമണിമാല്യംകൊരുക്കുന്നഹസ്കരൻ

അരുവികളൊഴുക്കുന്നിർല്ലോദ, മാമല
ഞ്ചരിവുകളിലൂടെയിങ്ങർഘ്യപാദ്യോദകം

കനികളൊട്ടുതേൻകുടംകാഴ്ചവച്ചപ്പൊഴേ,
വനികകളവയെല്ലാഴംകത്തവ്യമാക്കവേ

പരിമളലസദളികാസാന്ദ്രസമ്പത്തിനാൽ
പനിമലരൊരുക്കുന്നു, സൗഗന്ധതൈലകം

മണികളണിമൗലിയാലാനമ്രമാകുമാ
ത്തൃണതതിവിരിക്കുന്നു, നീലവീരാളികൾ.

ദളിതസുഖനിദ്രമാം 'കർമ്മപ്രപഞ്ചമീ-
ഖലിതതരപൂജയ്ക്കുമാററുകൂട്ടുന്നിതാ!...

പറവകൾപറക്കുന്നു, പാടുന്നു, നിസ്തുലം
പറയുകിലൊടുങ്ങാത്തപ്രാപഞ്ചികാത്ഭുതം.

ഇരുപത്തൊന്നു്

അളികൾമുരളുന്നതാംവേദാന്തസാരമാ-
യിളയമുകുളങ്ങളേകീടാത്തകൗതൂഹലം.

കുളിരണിസമീരണൻകൂത്താടിയെത്തവേ,
പുളകമണിയുന്നഹോ! പുഷ്പവല്ലീഗൃഹം.

വിഗതരസസൗഷ്ഠവാനന്ദ സൗരഭ്യ, മാ-
വിളറിയസുമങ്ങൾപാഴ്മണ്ണടിഞ്ഞപ്പൊഴേ,

പുലരിയുടെപൂമ്പട്ടണിഞ്ഞപുഷ്പങ്ങളിൽ
പുതുമയുടെസന്ദേശമോതുന്നമാരുതൻ!

തെരുതെരെയുതിർത്താരാമത്തിൻകണികകൾ
തെരുവിലെമരച്ചോട്ടിലെങ്ങും പതിക്കവേ,

രജനിയുടെനിദ്രയാംമെത്തയിൽ, ഞെട്ടി, യ-
ബ്ഭജനകളുമായുണർന്നീടുന്നയാചകർ!...

ഒരുദിവസ!—അന്തിയോളം നീണ്ടുനീണ്ടതാ-
മൊരുയുഗ!മതെങ്ങിനെതാണ്ടുമീയേഴകൾ

പരമദയനീയ!മപ്പട്ടിണിപ്പാവകൾ!
ഉയിരൊടുശ്വസിക്കുന്നതോൽത്തുരുത്താണവർ

വിജനതയിലങ്ങങ്ങുപൊന്തിപ്പൊടിച്ചിത-
ല്പതിത്തരുടെപാടെഴും പട്ടിണിപ്പാട്ടുകൾ...

ഉഴവതിന്നുതോളിൽ കലപ്പ, യക്കൈകളിൽ
കയറുക, ഇവൻമുന്നിലായ് രണ്ടുകാളകൾ

പതിവുപടിപോകയാണിപ്പൊഴുംപട്ടിണി
പ്പടയൊടെതിരാടുവാൻപാവം കൃഷീവലൻ

മനുജകൃതമാകുമപ്പാപ"ദുർമ്മേദ"സ്സിൻ
ബിണകണികയൊന്നായ്, വിയർപ്പായൊഴുക്കു-
[വാൻ

. . .   . . .   . . .

അനുദിനമനുക്തമാംകർമ്മബന്ധങ്ങളാ-
ലനുപദ,മനുക്രമം നീളുന്നു നാളുകൾ! . . .

കരളുകവരുന്നൊരിക്കാവ്യപാഠങ്ങളിൽ,
കരകൾകവിയുന്നൊരിക്കർമ്മസിന്ധുക്കളിൽ

അനവരതമാമൂലചൂഡംമുഴുകവാ-
നനുചിത,--മതാണെൻ്റെ വിശ്വവിദ്യാലയം!!

അനവരതമർച്ചനാപുഷ്പപത്രങ്ങളാ-
ലനിതരവിശാലം, പ്രപഞ്ചദേവാലയം!

അവിട, മവിടാണെൻഗുരുക്കളും, ദേവനും,
അവിട,—മവിടെൻപാഠശാലയും കോവിലും,

അവിട,—മവിടാണെൻെറ മോഹവും മുക്തിയും,
അവിട,—മവിടാണെൻെറ സർവ്വസംതൃപ്തിയും

---

## V. പുരോഗതിയുടെ പിറകിൽനിന്നു

ജീവിതം ചോദിക്കയായ് .
മർത്ത്യനോടെന്തോ! ഭവാ-
നീവിധമല്ലീവീണ്ടും
മുന്നോട്ടുപോയിടേണ്ടു?

പിന്തിരിഞ്ഞല്പംനോക്കൂ!
നില്ക്കുക, ബ്ഭൂതത്തിന്റെ
മുന്തിരിച്ചാറല്പംക്രു-
ടാസ്വദിച്ചീടാൻവേണ്ടി.

13470

ചിന്തിപ്പാൻകഴിവുള്ള
നിന്നോടായ്ചോദിപ്പൂഞാൻ,
'പിന്തിരിപ്പ്'നെന്നെന്നെ
പേരിട്ടുകിലുംകൊള്ളാം!

പരിഷ്ക്കാരത്തിനുച്ച-
ക്കോടിയിലേക്കായച്ചീ-
ത്വരിച്ചു? ഭവാനന്ന
ക്കാട്ടുകൾക്കുള്ളിൽനിന്നു

അന്യോന്യസൗഹാർദ്ദത്തിൻ
വിത്തുപാകി,യക്കാലം,

വന്യജന്തുക്കൾക്കൊപ്പം
വനത്തിൽ വാണകാലം

സ്വാതന്ത്ര്യനവനീധാ-
വുണ്ടുണ്ടു യഥേഷ്ടമായ്
സ്വാഭിമാനത്തിൽ വെന്നി
ക്കൊടി നാട്ടിയക്കാലം

വിശ്വസൗഹാർദ്ദത്തെ നീ
താലോലിച്ചില്ലേ? സാക്ഷാൽ
ശശ്വദാനന്ദത്തിന്റെ
നറുതേൻ നുകർന്നില്ലേ?

ദീയതം 'മുന്നോട്ടേക്ക്'
നീ ത്വരിച്ചില്ലേ? ഹന്ത!
നിഹനിച്ചില്ലേ? സ്വന്തം
സോദരന്മാരെപ്പോലും

മാനത്തുമുട്ടീടുന്ന
പൂമേട ചമയ്ക്കുവാൻ,
മാനിക്കാൻ മററുള്ളവർ,
ചക്രവർത്തിയായ് വാഴാൻ.

മീനിനെക്കാൾ വേഗത്തിൽ
നീന്തുവാൻ പഠിച്ചു നീ,

[illegible]

വാനിലങ്ങെങ്ങും പൊങ്ങി-
പ്പറക്കാൻ പഠിച്ചു നീ

ആഗ്രഹംകൊണ്ടു വാനി-
ലുയർന്നു പറന്നുമെ-
ന്നാം "ഗ്രഹ"ങ്ങളിൽക്കൂടി
സാമ്രാജ്യസംസ്ഥാപിക്കാൻ

അണുവിൽനിന്നുംലോക
മുണ്ടായെന്നറിഞ്ഞുട
"ന്യൂക്ലർ ബോംബി"നാലരി-
വർഗ്ഗത്തെമുടിക്കയായ്!

ശാസ്ത്രത്തിൻ സഹായത്താ
ലെത്രയോസംഹാരത്തിൻ-
ശസ്ത്രങ്ങൾ നിർമ്മിച്ചീടാൻ
സാധിച്ചു നിനക്കിപ്പോൾ

നിന്നെനിർമ്മിച്ചുള്ളോര-
ദ്ദിവ്യശക്തിയെപ്പോലും
വെന്നു, നീ ജീവിക്കുവാ
നാഗ്രഹിക്കുന്നുണ്ടാവാം!

നിയമത്തിൻപേരിലായ്
നീതിയെമറച്ചു നീ

നിയതംപുരോഗമി
ച്ചീടുന്നിതെങ്ങോട്ടാവാം?

കൊലയും കുന്നായ്മയു-
മടിയും പിടിയുമായ്
ഉലകം കെടുത്തുന്ന
തായിടാംപുരോഗതി?

നോക്കുക! നിൻചുഴവും,
സ്വാത്മതചവച്ചുഴ്ന്ന
പേക്കിനാവുപോൽകാണും
പട്ടടക്കളങ്ങളെ

തൃപ്തിയായില്ലേ നിന
ക്കെന്നിട്ടുംശമിക്കാത്ത
തൃഷ്ണയോനിന്മാദക
മാരകപുരോഗതി!?

വിസ്മരിച്ചീടൂ!സ്വയം
താവകപൈശാചിക
മാത്സരപ്രയോഗങ്ങ-
ളിനിയും നിർത്താമ്മേലേ?

അടക്കൂ! നിൻസംഹാര
താണ്ഡവവേഷകം,ഹാ!പിൻ

മടക്കൂ! വിശപ്പദ്രോഹ
വിഷബീജങ്ങൾ സർവ്വം!

ഒന്നുനീയോർത്തീടണേ!
നിന്നെനിർമ്മിച്ചോരക്കൈ
യ്യിന്നുമുണ്ടൊരു “നീതി-
മണ്ഡു”മായതാനില്ല!!

---

## VI. പ്രണയത്തിൻെറ ബലിപീഠത്തിൽ

വിജയൻ:—അയാൾ ഒരു പടയാളിയാണ്! ചലനം, അതാണയാൾക്കു ജീവിതം! വിപ്ലവം, അതാണയാളുടെ മന്ത്രാവാക്യം! വിജയം, അതാണയാളുടെ മൗലിക ലക്ഷ്യം!!.

പ്രേമം; അതയാൾക്കു പാവനമാണ്! അഭൌമമായ ഒരനുഭൂതി! അതിനുള്ള വില ആത്മാർത്ഥതയുടെ ആകെത്തുകയോളം! പക്ഷെ, ഒരു നിയതസ്വഭാവവും പരിമിതിയും അവയ്ക്കു നൽകപ്പെട്ടുകഴിഞ്ഞിരിക്കുന്നു പതറുന്ന ചിന്തകളും തപ്തനിശ്വാസങ്ങളും ആത്മഹത്യയുമൊന്നും അയാളുടെ പ്രേമസാമ്രാജ്യത്തിൽ വിലപ്പോരുന്നവയല്ല!. അതിൽ അയാളുടെ പൗരുഷം അലിഞ്ഞുതകർന്നു പോകാറുമില്ല!.........

വിജൃംഭണം! പരതന്ത്രയായ "മാതൃഭൂദേവി"യുടെ പരിദേവനത്താൽ പ്രചോദനമാർന്ന മാനസികവിപ്ലവത്തിൻെറ വിജൃംഭണം!!. ....തുടിക്കുന്ന സിരകൾ! ചലിക്കുന്ന മാംസപേശികൾ! സ്ഫുരിക്കുന്ന നയനങ്ങൾ! ജ്വലിക്കുന്ന യുവാവിൻെറ പ്രതിരൂപമാണിന്നയാൾ!......

മൃതമായ 'ഭൂത'ത്തിലും മിഥ്യാസുന്ദരമായ 'ഭാവി'യിലുമല്ല, വെളിച്ചം തിങ്ങുന്ന 'വർത്തമാന'ത്തിലാണയാളുടെ ജീവിതം! വാർന്നൊട്ടാത്ത ദൃഢനിശ്ചയങ്ങൾ! കോട്ടമററ കർത്തവ്യബോധം! തീപ്പൊരിചിതറുന്ന ചിന്തകൾ! ഇവ

യൊക്കെ അയാളുടെ പുരുഷത്വത്തിൻെറ കൽത്തുണുക ളാണു്.

പ്രേമം!... അയാളുടെ ഇഷ്ടദേവത!...കർത്തവ്യം!...
അതാണയാളുടെ ജീവിതം!

ഇതാണന്തരം!!

വിജയൻ:—

ഓമലേ! തെല്ലുനേരമില്ലിനി
പ്രേമലീല തുടരുവാൻ.
പോരുമീദൃശലോലഷാലസ-
ചാരുലീലാ മഹോത്സവം!
നേരമായി, ഞാൻ പോകയായ് മാതൃ-
പാരതന്ത്ര്യമകററുവാൻ.

സരള:—

മാമകപ്രാണനായക! മമ
കാമിതങ്ങളശ്ശേഷവും
ത്യാഗവാപിയിലാഴ്ത്തിവാഴ്വതാ-
താവകാദർശജീവിതം?

വിജ:—

വെണ്മണിമേടതന്നിലീവിധം
കണ്മണീ! നിന്നോടൊത്തുഞാൻ
മന്മഥപൂജചെയ്തുവാഴ്കയോ
നിന്മനസ്സിന്നഭിമതം?

**[illegible]:—**

ബാല്യമെത്തി, വസന്തമല്ലികാ-
മാല്യമൊത്താവനികയിൽ
പൂവണിവല്ലിഷഡ്‌പദങ്ങളെ
ത്തൂമണത്താൽ വിളിച്ചതാ
മാദിരോൽസവമാദകാനന്ദ-
മാധുരിയിൽ മുഴുകി! ഹാ!
ജീവനായക! താവകമന-
മീ വിധം നിഷ്ഠുരണമോ?......

**[illegible]:—**

പോക്കളത്താനിണപ്പുഴയെത്ര
നീക്കമിളയുതിത്തുപോയ്!
വാളുപോയി' നളികംപോയ്, വിഷ-
ഘാതമായവക്കായുധം!
വാക്കുകൊണ്ടുപൊരുതുവാനൊരു
നാക്കുതാൻനമുക്കാശ്രയം!
ഇന്നിമിഷവു മീവിധത്തിൽഞാൻ
നിന്നൊടൊത്തുരമിക്കയോ?. .
ഓക്കവാൻക്രൂടസാദ്ധ്യ, മാത്തി-
ന്നാക്ക ചേരുന്നനീതിതാൻ?
പോയിടട്ടെ; സമയമായ് മാതൃ
പാരതന്ത്ര്യമകററുവാൻ.

സര :—പട്ടണിയേണുമെയ്യിലായ് പട-
ച്ചട്ടയിട്ടു മുറുക്കുവാൻ,
പൂമ്പൊടിയൊത്തൊരീമൃദുമെയ്യിൽ
ബോംബുചില്ലിപതിയുവാൻ,
കുങ്കുമമണിനെററിയാനിണം
തങ്ങിമാലു കലരുവാൻ,
കഷ്ട! മെന്നെയനാഥയാക്കിയീ
ദുഷ്ടഭൂവിൽ ത്യജിക്കുവാൻ
ജീവനായക! താവകമന-
മീവിധം നിഷ്കരുണമോ?....

ചിങ:—ഓതിടാതെ നീയീവധത്തി,ലെ
ന്നോമലേ! നിൻെറ കാമുകൻ
കർമ്മഭീരുവല്ലല്ല! സംഗര
ധർമ്മമോരും രണോത്സുകൻ;
വന്നിടാം ഞാൻ, സ്വാതന്ത്ര്യമാമത
വെന്നിയാർന്നകരങ്ങളാൽ
ഒന്നുപോലെ പുണർന്നിടാൻ നിന്നെ-
യെന്നുമെന്നും കൃതാർത്ഥനായ്!!
നിത്യയാതനയാർന്നജീവിത
മർദ്ദനത്തെയുരത്തുവാൻ—
പട്ടിണിപ്പേപ്പിശാചിനെ,പ്പട
വെട്ടിവെട്ടിയകററുവാൻ—

ഭീതിചേർത്തുഭരിക്കുമിദ്ധര-
നീതിയാൻനയിക്കുവാൻ
ആഗ്രഹിച്ചസഹജരാകെക്കാ-
രാഗൃഹത്തിൽകിടക്കവേ,
മൃത്യുവിന്നെ നിനച്ചുമാമക
കൃത്യബോധം മറക്കയോ?
കർമ്മഭീരുവായ്, കേവലം മർത്ത്യ
ധർമ്മബോധം മറയ്ക്കയോ?
നേരമായി,ഞാൻ പോകയായ്, മാതൃ
പാരതന്ത്ര്യ മകറ്റുവാൻ

---

ജവഹർലാൽ തുടങ്ങിയ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നേതാക്കന്മാർ ജയിലിലായിരിക്കെ എഴുതിയതു്.

## VII. ആ കണ്ണീരാണെനിക്കിഷ്ടം

(ഗീതകം)

പ്രേമത്തിൻ വീണാതന്ത്രി
മീട്ടിനീ രാഗാലാപ-
മീമട്ടിലിനിമേലും
തുടരാനാണോ ഭാവം?

രാഗലോലനായ്, പ്രേമാ-
രാധകനായിത്തീരാ-
നാകയില്ലിനിയെനി-
ക്കിന്നുകാൽ നിമിഷവും.

അങ്ങുതാരകങ്ങളെ
സൃഷ്ടിച്ച സഹോദരർ
തങ്ങളിൽ തമ്മിൽതല്ലി
തലകീറുകയാലേ

അതിനപ്പുറത്തായി
ട്ടായതിന്നടിസ്ഥാന—
മതിലായ്നില്പൂ! ദുർഭ
ഗ്ഗാന്റെഴമടിമത്തം.

മുപ്പത്തിഅഞ്ചു്

ഇരുളാണിക്കാണുന്ന
കണ്ണഞ്ചും പ്രകാശം, തൻ
പൊരുളാണിവയെല്ലാം
പാരതന്ത്ര്യാതങ്കങ്ങൾ!....

ഛീ! നിർത്തുക, നീ, നിൻ
പ്രേമഗാനാലാപങ്ങ—
ളീനിമിഷവുമത്തു
ത്തുടരുന്നുവോ? കഷ്ടം!...

പറയുന്നു ഞാൻ നിന്നോ—
ടിന്നിയ പഴയപോൽ—
കരയൂ! കരയൂ! നിൻ
കണ്ണീരാണെനിക്കിഷ്ടം!

1948 ഏപ്രിൽ

---

## VIII. ആ സമുദായസഖ്യം

ഒന്നു്

വേർപെടുത്തുവാനാവാത്തമട്ടിൽ
വേരുറച്ചുപോയപ്രേമബീജം.

രണ്ടുപേരു മറിഞ്ഞില്ല, ചുററും
കൺത്തുറിക്കും സമുദായസത്യം

രണ്ടുപേരുമറിഞ്ഞില്ലിവരെ
ര“ണ്ടിന”മായ് പകുത്തതുലോകം.

… … …

രണ്ടു്.

ദേവു് “ഐഷ”യും ബാല്യകാലത്തിൽ
ദേവപൂജയ്ക്കൊരുമിച്ചിരിക്കും

‘അമ്പല’ങ്ങളും ‘പള്ളി’യും രണ്ടാ—
യമ്പരപ്പേകിയില്ലവർക്കൊട്ടും.

വിഗ്രഹത്തിന്നു മാല്യമണിക്കാൻ
വിഭ്രമമില്ല‘യിഷ’ക്കു തെല്ലും!

പൂവിറുക്കുവാനൊന്നിച്ചുപോകും
പൂവണിയുന്നതൊന്നിച്ചുതന്നെ

മാലകെട്ടിക്കൊടുക്കുമവർക്കാ
മാലയിരങ്ങോട്ടണിയിക്കുമപ്പോൾ

"അമ്മമാരു പറഞ്ഞതന്നു ചുമ്മാ-
തെന്മകനിവളെത്തന്നെ വേൾക്കും"

"ഒത്തുപോയി" സമുദായചിന്ത
യെത്തുകയായ് പരിഹാസവാക്കായ്.

ദേവൊരാളാണവളുടെ ദേവൻ
ദേവിയാണിന്നു ദേവിന്നയിഷാ.

ഭിന്നസംസ്കാരമൊന്നിച്ചുകൂടി
സൂന്നമിട്ടാസമുദായവൈരം

x x x

മൂന്ന്

മുററിവന്നൊരാജ്ജീവിതവല്ലി
മൊട്ടിടുവാനടുത്തുപോയ് കാലം

മുല്ലവള്ളിക്കുതേന്മാവൊഴിച്ചു-
മുല്ലസിക്കുവാനാവുമെന്നായി....

ബാല്യകൗമാരകാലങ്ങളെണ്ണ
ച്ഛായമിട്ട പുതിയ ചിത്രങ്ങൾ.

ഒത്തുചേരുമാബാല്യസൗഹാർദ്ദം
മുത്തിമുത്തിപ്പൂത്തുക്കുവാനെന്നും

x x x

നാലു്

നിഷ്കളങ്കമാം ബാല്യപ്രണയം
നിസ്തുലമായ ജീവിതബന്ധം

വിസ്തൃതമാമിരുഹൃദയങ്ങൾ
വിസ്മയിക്കുന്നതെന്തിന്നു ലോകം

കണ്ണുരുട്ടിക്കവിളുവീർപ്പിച്ചു-
മൺമറഞ്ഞ നിയമങ്ങൾനോക്കി?....

ആ സമുദായ നീതികളൊന്നു—
മാഞ്ഞടയ്ക്കില്ല നിങ്ങൾക്കുമാർഗ്ഗം.

ആയതൊന്നും വിലപ്പോരുകില്ലി—
ന്നാഗതമാമടുത്തലോകത്തിൽ.

ഭാവിയൊന്നിതാ നിങ്ങളെക്കാത്തു
ഭാവഭേദം പകർന്നു നില്ക്കുന്നു.

... ...

[illegible]

വിപ്ലവത്തിൻെറ ശാന്ത മരുത്തീ
വിശ്വവൃക്ഷ ശിഖരം തഴുകി,

ആർത്തണയും പരിവർത്തനത്ത—
യാർത്തകൗതുകം പുൽകുന്നുമേന്മേൽ!...

നിങ്ങൾനട്ടൊരിക്കൊച്ചുലതിക
മംഗളത്തിൻെറ മഞ്ജുകലിക

ലോകവേദിയിൽ തൂമണം തൂകും
നാകപുഷ്പങ്ങൾ മൊട്ടിട്ടുമിന്നും!...

ലോകരെന്തും പറഞ്ഞുകൊള്ളട്ടെ!
രോഷപൂർവ്വം തുറിച്ചുനോക്കട്ടെ!

അത്യനഘമീ ബാല്യസൗഹാർദ്ദ-
മൊത്തിണക്കും സമുദായസഖ്യം

ഭാവിലോകം കുറിക്കും ചരിത്ര
ഭാവനയാനവീനസ്വർല്ലോകം

1947 ജൂൺ

## IX. നാളത്തെ പ്രഭാതത്തിൽ

പാരതന്ത്ര്യാതങ്കത്തിൻ
        പാഴ്ചളിക്കുണ്ടിൽനിന്നും
ഭാരതമുയർന്നിതാ
        സ്വാതന്ത്ര്യവിഹായസ്സിൽ

പൗരുഷംതിങ്ങും യുവ-
        ഭാരതസന്താനങ്ങൾ
ഗൗരവമറിഞ്ഞുച്ച-
        ക്കിയലും കർത്തവ്യത്താൽ,

എത്തുകയായീ സമ-
        രാങ്കണത്തിലായ്ത്തങ്ങ-
ളൊത്തൊരുമിച്ചാവിജ-
        യക്കൊടിക്കൂറക്കീഴിൽ

തുലയട്ടെതിരാളി-
        ക്കൂട്ടങ്ങൾ; "ജയഹിന്ദ്"
എന്നൊലിയാൽ നടുങ്ങട്ടെ,
        സാമ്രാജ്യകിരീടങ്ങൾ!

നാല്പത്തിമൂന്ന്

ഉണരട്ടഭിമാന
മാൻറുള്ള യുവാക്കന്മാ-
രുയരട്ടെങ്ങും മുദ്രാ
വാക്യങ്ങൾ നിരന്തരം,

തകരട്ടനീതിതൻ
ബന്ധങ്ങളിനിയെങ്ങും
നികരട്ട സമത്വ
ക്കുണ്ടുകളെല്ലാമൊപ്പം!

ഉതിരും കതിർഭാസാൽ
സ്വാതന്ത്ര്യംവിവസ്വാനി
ങ്ങുയരുന്നതാകാൺമൂ!
"നാളത്തെ പ്രഭാതത്തിൽ"

(1946 മാർച്ച്)

---

കേരള വിദ്യാർത്ഥി കോൺഗ്രസിൻെറ മുഖപത്രമായ ആസാദിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## X. കെടുതികൾ

യുദ്ധം കഴിഞ്ഞു സമാധാനവും കാത്തു
മെത്തുമല്ലൂണ്ടുയാൽലോകം കഴിയവേ,

കഷ്ടിച്ചരിഷ്ടിച്ചടിമത്തശൃംഖല-
പൊട്ടിച്ചു രാഷ്ട്രങ്ങളൊന്നായുയരവേ,

"കുത്തും, കൊലയു, മടിപിടി"യും കൂട്ടി
യുദ്ധം വിളിച്ചു വരുത്തുന്നോ സഖാക്കളേ!

മൂക്കുമുറിച്ചു ശകുനം മുടക്കുന്ന
താക്കുന്നിരക്കുന്ന നീതിയാണിത്തരം?

ജീവിതം പോലും പണയപ്പെടുത്തി, നാ
മീവിധം നേടിയ പൗരത്വമെന്തിനായ്

തമ്മിലടിക്കുവാനുള്ള സ്വാതന്ത്ര്യമോ-
നമ്മളാർജ്ജിച്ചു "അഹിംസാവ്രത"ത്തിനാൽ?

കർമ്മവീര്യത്തിൻ പ്രചോദനമന്നന്നു
നമ്മൾക്കു നൽകിയ കർത്തവ്യനിഷ്ഠകൾ

ദുർമ്മദാന്ധ്യത്തിൻ വിഷപ്പുകയേററിന്നു
മർമ്മം തളർന്നു മരവിച്ചുപോയിതോ?

നംപ്പത്തിരുന്ന്

ആണത്വമില്ലാതെതമ്മിലടിക്കുന്ന
നാണമില്ലാത്തമനുഷ്യപ്പുഴുക്കളേ!

ജാതിക്കുവേണ്ടിനിണപ്പുഴനിർമ്മിച്ച
നീതികർത്താക്കളേ! നിങ്ങൾക്കുവന്ദനം!....

ആർഷസംസ്കാരമലങ്കാരമാകിയ,
കാർഷികശ്രീയാളുടയാടയേകിയ

ഭാരതമാതിൻപവിത്രവെൺമേനിയിൽ
ചോരപുരട്ടുന്നനിങ്ങൾതൻസേവനം

ലോകംമറക്കാ; വിറയ്ക്കുംകരത്താൽസ-
ശോകംകുറിക്കും ചരിത്രകാരൻ, ദൃഢം....

(1947 ഡിസംബർ)

---

## XI. ബാല്യമേ! നമസ്കാരം!

അകളങ്കാദർശത്താ-
ലാനന്ദപ്രവാഹത്താ-
ലകതാർകുളിർപ്പിച്ച
ഗന്ധർവ്വസംഗീതമേ!

വിണ്ടലത്തോളംമർത്ത്യ
മാനസമുയർത്തിയ
വിൺവിലാസമേ!നിന
ക്കായിതാനമസ്കാരം

തളിരിട്ടീടും മർത്ത്യ-
ജീവിതപ്പൂങ്കാവിലെ
കുളിർകാററിലൂടെത്തും
സൗഗന്ധപരാഗം നീ

പിഞ്ചിളംതളിർച്ചുണ്ടി-
ലാനന്ദസുരഭിലം
പുഞ്ചിരിപ്പൂത്തുപ്പൂകൾ
വർഷിക്കം വസന്തം, നീ

അകവുംപുറവുമ
ന്നൊപ്പമൊരലൗകിക
ദ്യുതിയാലനഘമാം
കാന്തിയാൽപൊതിഞ്ഞു നീ

കിന്നരനാക്കിത്തീർത്തു
നരനായ് പിറന്നോരു
മന്നിലെകീടത്തോമ-
ൺമയശരീരത്തെ

പുളകംകൊള്ളുന്നുഞാൻ
വഴുതിപ്പോയ്പ്പോയൊര-
കളസംഗീതത്തിന്റെ
കാഴ്ചമോക്കുമ്പോഴെല്ലാം...

മൗനഭാഷയാലെത്ര
സാരാർത്ഥസന്ദേശങ്ങൾ
മർത്ത്യനോടുരച്ചു നീ
മാധുരീപ്രവാഹമേ!

ബാല്യമേ! നിഷ്കന്മഷാ
താവകപ്പൂന്തൊട്ടിലി
ലാലോലമാടിപ്പാടി-
യുറങ്ങാൻകൊതിപ്പൂ ഞാൻ

കൈവിട്ടുപൊയ്പ്പോയൊരെൻ
കൈവല്യപ്രദീപമേ!
കൈതൊഴുന്നു ഞാൻ! നിൻെറ
കോവിലിലെത്തീടുവാൻ...

(1947 മേയ്)

---

## XII. സാന്ത്വനം

കരളുപൊട്ടിക്കരയുന്നതെന്തിനി-
ധരയിൽവന്നുപിറന്നസഹോദരാ!

കരയുവോക്കാത്മാശ്വാസമേകുകി-
ല്ലറിയുകില്ലാരു,മാത്തൻെറ രോദനം;

അറിയുമെങ്കിലവക്കുഹൃദയമി-
ല്ലലിയുകില്ലതുണ്ടെന്നുവന്നാകിലും..

നിയതമായിരമാവശ്യകങ്ങളാ-
ലുഴറുകയാണുമാനുഷജീവിതം.

അതിരുതിങ്ങുമനന്തമാമാശകൾ
മതിമയക്കിയമാന്ത്രികജീവിതം

അവസരമില്ലവക്കുകേട്ടിടുവാൻ,
തവ വിലാപസംഗീതമപസ്വരം

ഉയിരുപോററുവാൻവേഷങ്ങൾകെട്ടിയി-
ന്നുലകിലാടുകയാണവർനാടകം!...

സുഖസമൃദ്ധിയിൽ മുങ്ങിമുഴുകുമാ-
ഢ്യഭൾക്കനംകുറിക്കുന്നജ്ജീവിതം,

വഴിയിലങ്ങിങ്ങുകാൺകവേ, താവകം
മിഴിയിണകളൊഴുക്കുന്നകണ്ണുനീർ,

പുരികവുംകോട്ടി, നെററിചുളിച്ചുതാ
പുറകിലോട്ടവർ. നീങ്ങുന്നു ലജ്ജയാൽ...

കരളുപൊട്ടിക്കരയുന്നതെന്തിനി
ധരയിൽവന്നുപിറന്നസഹോദരാ!

കരയുവോർക്കാരുമാശ്വാസമേകുകി-
ല്ലറിയുകില്ലാരുമാർത്തൻ്റെ രോദനം!...

1946 ജൂൺ

---

## XIII സ്മരണയുടെമറവിൽ

ഒന്ന്

ഓമലേ! നീതിരിഞ്ഞുനോക്കൂ! നാ-
മോമനിച്ചുകഴിഞ്ഞകാലങ്ങൾ!

വിസ്മരിക്കാവതാണോ? നമുക്കാ-
സുസ്മിതാഭയുതിർത്തവസന്തം, ..

രണ്ട്

കാളകെട്ടിക്കളിച്ചുകളിച്ചു
കാലമന്നെത്രനമ്മൾകഴിച്ചു,

അമ്പലക്കുളത്തിട്ടയിൽചെന്നി-
ട്ടമ്പലംവച്ചുപൂജിച്ചതില്ലേ?

വെണ്മണൽവാരിവാരിക്കുഴച്ചും
കണ്മണീ! നമ്മൾ തമ്മിൽ പഴിച്ചും,

തേരുകെട്ടിച്ചുമച്ചു,മഴിച്ചും
ചാരുവാക്കുരചെയ്തും ചിരിച്ചും

നേരമന്നെത്രപോക്കിയതില്ല-
ന്നേരമോർത്തുവോനാമിവിധത്തിൽ?

എങ്ങുപോയിമറഞ്ഞുകഴിഞ്ഞാ
മംഗളാഭചൊരിഞ്ഞവസന്തം?...

വിസ്മരിക്കുവാനാവതല്ലിന്നും
സുസ്മിതംതൂകിനിന്നൊരക്കാലം!...

മൂന്ന്

ഓണമാസംപിറന്നുകഴിഞ്ഞാൽ
നാണമാകുന്നതോർക്കുവാനിപ്പോഴും,

കോഴികൂകിയൊരല്പംകഴികെ
പ്പോവുകയായിപൂവിറുത്തീടാൻ...

പേടിയാണു നിനക്കന്നു ഞാനും
കൂടിവേണമെവിടെയ്ക്കുംപോകാൻ...

നാല്

അന്നൊരിക്കലൊരുത്തോലപൊട്ടി
യൊന്നുപോലെനാം താഴെവീണില്ലേ?

കൂട്ടുകാരുകൈകൊട്ടിച്ചിരിക്കെ,
പാട്ടുപാടിനാമൊത്തുചേർന്നില്ലേ?

ഓർത്തിടുന്നുവോ? നീയിന്നുനിത്യ
മാത്തണഞ്ഞൊരാനല്ലകാല ഷേറം!

രോമഹർഷംപകർന്നിടുന്നെന്നിൽ!
ആമനോജ്ഞമധുരസ്മൃതികൾ.,.

അഞ്ച്

പിന്നൊരിക്കലൊരു ചെമ്പനീരി-
ന്നൊന്നുരണ്ടല്ലമൂന്നുപ്രാവശ്യം

നീശ്രമിക്കെ, സാധിക്കാതെന്നാണി
ച്ചീയിവനെസമീപിച്ചതില്ലേ?

വാശികെട്ടിഞാൻപൂവിറുത്തീടാ
നാശയോടെമുന്നോട്ടണയുമ്പോൾ

മുള്ളുകൊണ്ടെൻറകൈകീറിയപ്പോൾ
കള്ളി! നീയന്നുപൊട്ടിക്കരഞ്ഞു??

പൂവിറുത്തുഞാൻതന്നതില്ലിന്നെ
നീ, വിറയ്ക്കുന്നകൈകളാലെന്നെ

ഗാഢഗാഢംപുണർന്നെത്രയെത്ര
ഗൂഢചുംബനമർപ്പിച്ചതില്ല?..

ഗൂഢമൂലമാമാസംഭവങ്ങൾ
മൂഢനല്ലഞാൻ, വിസ്മരിച്ചീടാൻ...

രക്തരേഖയാലങ്കിതമാണാ
മുഗ്ധകൗമാരസത്യങ്ങൾനമ്മിൽ

ഹാ! മറക്കവതെങ്ങിനെഞാനാ
പ്രേമബീജംവിതച്ചകാലങ്ങൾ....

ആറു്

പന്തലൊന്നുനാം കെട്ടിയൊരിക്കൽ
ചമ്പകത്തിൻചുവട്ടിൽ—തണലിൽ

വെണ്മണൽവാരിവാരിവിതച്ചു.
മണ്ഡപമൊന്നുനന്നായ്‌രചിച്ചു.

മുണ്ടെടുത്തുവിരിച്ചതിൽത്തന്നെ
രണ്ടുപേരുമിരുന്നതില്ലിന്നെ

പിച്ചകമാല്യമൊന്നുനീയന്നെൻ
കൊച്ചുകണ്ഠത്തിലർപ്പിച്ചതില്ലേ?

കാണില്ലപോലുമൊരുവരുംനമ്മെ
ക്കാണുകില്ലെന്നുനാം നിനച്ചില്ലേ?

കണ്ടുനിന്നവർപൊട്ടിച്ചിരിക്കെ,
രണ്ടുപേരുംതലകുനിച്ചില്ലേ?....

ഹാമറക്കുന്നതെങ്ങിനെഞാനാ-
പ്രേമസൗരഭംവർഷിച്ചകാലം.

അൻപത്തിമൂന്നു്

ഏഴ്

നിത്യവുമൊരുകൊച്ചുപൂമാല
കൃത്യമായിനീ നൽകിയെനിക്കായ്

... ... ...

വാടിവാടിക്കരിഞ്ഞൊരപ്പൂക്കൾ
മാടിമാടി വിളിക്കുന്നു നമ്മെ,

ബാല്യകാലകഥകളുമായ-
കാല്യവേദിയിൽ നിന്നുമോരോന്നായ്

ഇന്നുമെന്നുമണയുമെൻമുന്നിൽ
മിന്നിമായുന്നൊരാനിഴലാട്ടം...

മായ്ച്ചെഴുതുവാനാവതില്ലാർക്കും
മാൺപെഴുന്നൊരക്കാവ്യപാഠങ്ങൾ

എട്ട്

കമ്രമംഗല്യഗീതവും പാടി
ബാല്യകാലംകഴിഞ്ഞതില്ലിന്നെ

ശൃംഗാരരാഗസന്ദേശവുമായി
മുഗ്ദ്ധകൗമാരമെത്തുകയായി!....

ഒൻപത്

കോമളേ നീ തിരിഞ്ഞുനോക്കുക, നാം
ഓമനിച്ചു കഴിഞ്ഞ കാലങ്ങൾ...

അൻപത്തിനാല്

പാലപൂത്തു മണമെഴുംരാവിൽ,
പാലുപോലെ വെളുത്തനിലാവിൽ,

പൂമണവുമായെത്തി ക്ഷണിക്കും
തൂമനോരമ മാമിളങ്കാററിൽ.

പിച്ചവച്ചു കുണുങ്ങിച്ചിരിക്കും
കൊച്ചലകൾ നിരന്നുള്ളൊരാററിൽ

എൻകളിത്തോഴി! നിന്നോടൊത്തന്ന-
പ്പൊൻകളിത്തോണി ഞാൻ തുഴഞ്ഞില്ലേ?

...  ...  ...  ...  ...

എത്രവല്ലിക്കുടിലുകൾതോറു-
മൊത്തുചേർന്നു വെടിപറഞ്ഞില്ല?

എത്രസൂനങ്ങൾ നമ്മൾക്കുവേണ്ടി
ത്യക്തജീവിതമാചരിച്ചില്ല?...

എത്രവാടികൾ നമ്മൾക്കുവേണ്ടി
നിത്യവാസന്തമാചരിച്ചില്ല?..,

എത്ര'ക്കൂല'ങ്ങൾ നമ്മൾക്കുവേണ്ടി
ഹൃദ്യസോപാനമാരചിച്ചില്ല?.....

അൻപത്തിഞ്ചു്

രോമഹർഷം പകർന്നിടുന്നെന്നിൽ
ആമനോജ്ഞമധുരസ്മൃതികൾ...

## പത്ത്

കാണുവതുണ്ടു നിൻ സൗകുമാര്യം
ചേണെഴുന്നൊരാരാമസൂനങ്ങൾതോറും.

കേൾക്കുവതുണ്ടു നിൻ പ്രേമഗീതം
രാക്കുയിൽ നിനാദത്തിലിന്നും.

തീക്കവച്ചുണ്ടുനിന്നാർദ്രചിത്തം,
നീക്കമില്ല, പതിവായ്, സശോകം.

പൂക്കളിന്നുമഭിനയിക്കുന്നാ
നീക്കമില്ലാത്തശോകാന്തസത്യം.

എത്രയെത്ര പുളകമോടാണ-
ച്ചിത്രമിന്നുമണവതു മുന്നിൽ!..

1946 ജൂലൈ

---

## IX അഭിസാരിക

അപഹാസിച്ചുകൊണ്ടെന്തിനായെന്നെനീ
യപലപിക്കുന്നു? കഷ്ട!മെൻ ലോകമേ,

ഗണികയാണുഞാൻ? ജീവിതം കേവലം
കനകനാണ്യത്തിനർപ്പിച്ചുപോയ്! സ്വയം

കുടിലയാണുഞാൻ?..മർത്ത്യസംസ്കാരത്തിൽ
കുടലുമാലയണിഞ്ഞാടിയില്ലഞാൻ?

കുലടയാണുഞാൻ?—കുത്സിതയാണുഞാൻ?
കുടിലചിന്തകളാണാത്മതോഴികൾ?...

വിഗതസൗഭാഗ്യയെന്നോടുലോകമേ!
വിമതവിദ്വേഷമേലാതിരിക്കുനീ,

ജനനമാർന്നുപോയ്! ഞാനുമിബ്ഭൂമിയിൽ
മനമുരുക്കുമീക്കണ്ണീർക്കയത്തിലായ്!

ഇടറുകയാണുനിത്യമെൻ കാലുക-
ളിടറുന്നു! സ്വല്പമാശ്വസിക്കട്ടെ! ഞാൻ.

കരുണതെല്ലുമിയലാത്തതല്ലയോ?
പരമനിർദ്ദയം മർത്ത്യന്റെ മാനസം!

മരണമെന്നെപ്പുണരുവാനായതാ
വരണമാല്യം രചിക്കുന്നു മോഹനം!

അതുവരെയൊന്നു 'ജീവിച്ചുകൊള്ളുവാ',–
നതുവരെയൊന്നു വിശ്രമിച്ചീടുവാൻ

അനുവദിക്കൂ! സദയ, മെൻലോകമേ!;
അപവദിക്കുന്ന മർത്ത്യസംസ്കാരമേ!

1945 സെപ്റ്റംബർ.

---

## XIV മഹാകവിഇന്നു്

കേൾവിയില്ലാതെ, പ്രതാപമില്ലാതെ, ഞാൻ
കേവലനായിക്കഴിഞ്ഞകാലം,

പട്ടിണിക്കാരനായ് മാത്രം, "മഹാകവി-
പ്പട്ടം" ലഭിക്കാതിരുന്നകാലം,

ശോകചിന്താഭരനായിഞാനേകാന്ത-
ഗീതം ചൊരിഞ്ഞു കഴിഞ്ഞകാലം,

നിത്യമൊരായിരമായിരം ജീവിത
സത്യങ്ങളുമായ് പൊരുതകാലം.

ആരുമറിയാതൊ "രജ്ഞാത"നായ് 'ചെറു
കൂര'തന്നുള്ളിൽ കഴിഞ്ഞകാലം

അന്നെൻെറ ഭാവനയാകശവീഥിയിൽ
പൊന്നൊളിവീശിപ്പറന്നിരുന്നു...

അന്നെൻെറ തൂലികത്തുമ്പത്തൊരായിരം
സുന്ദരഗാനം ത്രസിച്ചിരുന്നു...

അന്നെൻ കവിതയ്ക്കുഞാനറിയാതൊരു
ചെന്നിണമായ കലർന്നിരുന്നു...

അൻപത്തിരൻപമ്

ചിന്തകന്മാരും കവികളുമന്നെന്റെ
ചിന്തയിൽക്കൂടി രസിച്ചിരുന്നു!...

എൻഗാന വീചീപരമ്പരയന്നെങ്ങും
പൊന്നലയാൻലസിച്ചിരുന്നു!..

സമ്പൽ സമൃദ്ധിതൻ പൈമ്പാൽനുകരുവാ-
നിമ്പമാർന്നന്നു ഞാൻ കാത്തിരുന്നു!,.

ജീവിതത്തിന്നെഴുമുന്നതവേദിയി—
ലീവിധമെത്താൻകൊതിച്ചിരുന്നു!...

പൊട്ടവിളക്കത്തു പൂച്ചിപോലാഹന്ത?
പട്ടട ഞാൻ സ്വയംതേടുകയായ്!...

രണ്ട്

വിത്തം, പ്രതാപം, പ്രഭുത, ഭൃതകന്മാർ,
നർത്തകർ, ഹന്ത! യശോവിലാസം

എങ്ങെതിരിയുവാനാണു ഞാനിന്നീയ—
മംഗലമാദകരംഗമെങ്ങും!

നാണയമാദകക്വാണം ശ്രവിച്ചെന്റെ
കാതും കരളും ദ്രവിച്ചുപോയി!

അരപള്ള്

വേണ്ട വേണ്ടീ ദൃശ്പ്രൗഢപ്രതാപത്തിൻ
നീണ്ട നിഴലാളും തൂവെളിച്ചം!

കണ്ണഞ്ചിക്കുന്നീകനകപ്രഭയ്ക്കെഴം
വണ്ണപ്പകിട്ടുകൾ! ഹാ! മതിയായ്!

കാരിരുമ്പിൻെറ തന്നിറമാണിന്നീ
കാഞ്ചനത്തെക്കാളെനിക്കുകാമ്യം.

അയ്യോ തടിച്ചു കൊഴുത്തപ്രഭുതാപമെൻ
മെയ്യോടുചേർന്നു ലയിച്ചുവെന്നോ?

ഊത്തുകളയാനശക്തനെന്നോ ഞാനി-
ച്ചീർത്തുപെരുത്തോരയിത്തബാധ!

ഇല്ലില്ല! ഞാനിതിന്നാളല്ലമേലിലീ
യല്ലലിൻ മച്ചിലായ് കൂത്തടിക്കാൻ

വീർപ്പുമട്ടുന്നുശ്വസിക്കുവാൻവയ്യെനി—
ക്കാർപ്പുവിളിപ്പൂ! ഹാ! വിത്തഗർവ്വം

[illegible]

അയ്യോ! ഭയാനകമാകുമീരംഗത്തു
വയ്യേ! എനിക്കിന്നു നൃത്തമാടാൻ

വിജ്ഞാനവും സദ്വിവേകവും മാത്രമോ—
യജ്ഞാതനായ് ഞാൻ കഴിഞ്ഞുവെങ്കിൽ!

1946 ഏപ്രിൽ

---

അറുപത്തിരണ്ട്

## XV കർമ്മകാഹളം

ഉണരുവി,ന്നണയുവിനയിരുണർന്നിന്നു നമ്മ—
ളുണ്ണിനിരന്നണയണം രണാങ്കണത്തിൽ.

നിണമണിഞ്ഞൊത്താകിടക്കുന്നു! ചുററുമെത്രയെത്ര—
പിണങ്ങൾ! ഹാ! ചുണയാർന്ന വിദ്യാർത്ഥിവർഗ്ഗം

പേട്ട', യാലപ്പുഴ', കായംകുളം, കൂത്താട്ടുകുളമീ—
വേട്ടയാടപ്പെട്ടു, നാട്ടുവിസ്മരിക്കാമോ?

ആരുമാരുമില്ലേ? യിന്നീ നീതികേടുചോദ്യം
ചെയ്യാ—
നാരുമാരുമില്ലാത്തോരോവിദ്യാർത്ഥിവർഗ്ഗം?

അടിമകളല്ല ഞങ്ങ—ളവരല്ലിനി ഞങ്ങ—
ളവകാശമുണ്ടു ഞങ്ങൾക്കരിയാട്ടുവാൻ

അഭിമാനമുള്ള ഞങ്ങൾക്കാഭിജാത്യമുള്ള ഞങ്ങൾ—
ക്കഭിഹിതമെന്തുകൊണ്ടു പറഞ്ഞുകൂടാ?

പറയണം! പറയണം! നാവുപിഴുതെടുപ്പോളും
പറയണം പറയണമധികാരികൾ!..

ഉണങ്ങിയിട്ടില്ലച്ചുടുനിണമിന്നും ബംഗാളത്തി-
ലണഞ്ഞടങ്ങിയിട്ടില്ല "കാട്ടുതീ" തെല്ലും

കരിഞ്ഞിട്ടില്ലാ 'വ്രണങ്ങൾ' കഴിഞ്ഞിട്ടില്ലാ ദിനങ്ങൾ
കരണകണ്ണീരിതുവരെ തോർന്നിട്ടുമില്ല!...

തുടർന്നിങ്ങോട്ടടിക്കയായ് 'ക്കൊടും ചുഴലി'യിതാ
പടർന്നു പിടിക്കയായീ വഞ്ചിവാടി'യെ

രാജ്യഭക്തരായ നമ്മൾ-രാജ്യഭക്തരായ നമ്മൾ
രാജ്യഭക്തി കാട്ടിടേണ്ടതിപ്പോൾ തന്നെയാം!

നമ്മുടെ നാടപരന്റെ ദുർമ്മദാന്ധ്യക്കൊടി നാട്ടാൻ
നമ്മൾ ജീവിച്ചിരിക്കെ നാം സമ്മതിക്കില്ല!

നാം പൊറുക്കും വീട്ടിൽക്കേറി നമ്മെക്കൊള്ള ചെ-
യ്യാൻ വന്നാൽ
നാം പൊറുക്കുന്നതെങ്ങിനെ സഹോദരരേ!

മർദ്ദനത്താൽ ഭീഷണിയാൽ നമ്മെയടിച്ചമർത്തുന്നു
നിർദ്ദയമാം ദിവാൻ വാഴ്ച നമുക്കവേണ്ടാ!

ഒത്തൊരുമിപ്പൂരസ്സൂവിനൊത്തൊരുമിച്ചിറങ്ങുവിൻ
ഉത്തരവാദഭരണസ്ഥാപനത്തിനായ്!

ഒരു പത്തിനാലു്

ഭഗവത്സിംഗുമാസാദും മോട്ടിലാലും ലാലാജിയും
ഭഗവാൻ മഹാത്മജിയും ജനിച്ചനാട്ടിൽ

യുവധീരൻ ജവഹർജി, സമത്വ സുന്ദരമൊരു
നവഭാരതത്തിൻ നാന്ദികുറിക്കും നാട്ടിൽ–

ശ്രീ സുഭാഷ് ചന്ദ്രൻെറനാട്ടിൽ, ശ്രീ വിജയലക്ഷ്മീ
നാട്ടിൽ
ശ്രീകരമാമാർഷനാട്ടിൽ–ഭാരത് നാട്ടിൽ

എന്തുകൊണ്ടും പേർപുകഴും മോഹനമാമീവേണാ
ട്ടിൽ
ഇന്ത്യയുടെ 'നന്ദന'മാമീ വഞ്ചിനാട്ടിൽ—

കുഞ്ചെക്കുട്ടിയുടെനാട്ടിൽ, വേലുത്തമ്പിയുടെനാട്ടിൽ
വഞ്ചിക്കപ്പെട്ട ശ്രീ പത്മനാഭൻെറനാട്ടിൽ–

ധീരധീരം ദുർഭരണമെതിർത്ത ദേശാഭിമാനി
ശ്രീരാമകൃഷ്ണപിള്ളയെപ്പെററാരീ നാട്ടിൽ

ജനിച്ചവരാണു നമ്മൾ കുലമഹിമയാൽ ലോകം
ജയിച്ചവരാണു നമ്മൾ വഞ്ചിനാട്ടുകാർ.

വിഷമതകൾക്കു മുന്നിൽ വിഷണ്ഡരായ് വർത്തിക്കു
വാൻ
വിശേഷബുദ്ധിയുള്ള നാം പഠിച്ചിട്ടില്ല!

അരപെത്തിക്കുച്

നീരോചക്രവർത്തിമാരല്ലല്ല; നമ്മളീഘട്ടത്തിൽ
വീറിയലുമാനന്ദത്താൽ വീണ വായിക്കാൻ!

മിണ്ടുവാൻ പാടില്ലപോലും; നിഷ്ഠുരവിധമെത്രയെത്ര
ഉണ്ടയില്ലാവെടികൾ നാം കണ്ടിരിക്കുന്നു!

ഉണ്ടു നമുക്കൊക്കെപ്പിന്നിലൊരുമഹച്ചരിത്രമ-
തിണ്ടലിൻ മഷിയാൽനിറം പിടിച്ചതത്രേ

സ്വാതന്ത്ര്യഭാരതത്തിൻെറ ചരിത്രമൊന്നോർത്താൽ പോരേ,?
സ്വരാജ്യഭക്തരായ്ക്കാണ്മാൻ വിദ്യാർത്ഥികളെ

മർദ്ദനഭരണത്തിൻെറ വിക്രിയകളനവേഗം
നിർദ്ദയം നിപതിച്ചതു നമ്മളിൽത്തന്നെ.

പരതന്ത്രനരലക്ഷനിശ്വാസവായുവൊന്നിച്ചു
മരവിച്ചു തണുത്തുള്ളോരന്തരീക്ഷത്തിൽ

ചീറിയുയർന്നലറിയ'ലാത്തി'കൾതന്നാഘാതത്തെ
വീറിയന്നെതിരിട്ടതു വിദ്യാർത്ഥിയത്രേ!

പൊരിചിന്തിവെടിയുണ്ട വിതറിയതോക്കിന്മുന്നിൽ
വിരിമാറുകാട്ടിയതു് മററാരുമല്ല!

എത്ര മക്കളില്ലാതുള്ളോ'രമ്മ'മാരുണ്ടായി! കഷ്ട!
മെത്ര സോദരീ സോദരർ വിയുക്തരായി!

വിസ്മൃതിയ്ക്കും വിസ്മരിക്കാനൊരിക്കലും കഴിയാതെ
വിസ്തൃതമായ്ക്കിടക്കയാണച്ചരിത്രങ്ങൾ!...

ഭാരതത്തിൻ സ്വാതന്ത്ര്യത്തിൻ പാവനമാം ചരിത്രത്തിൽ
ചോരകൊണ്ടു വിരചിച്ചോരാ രഹസ്യങ്ങൾ!

ത്യാഗമോഹനമാകുമോരു നവീനമാമശ്വമേധ
യാഗമത്രേ നമുക്കിന്നു നീതിപ്പുലർത്താൻ?

അച്ചടക്ക 'മഹിംസനല്ലക്രമരാഹിത്യ'മെന്ന
മെച്ചമാമായുധങ്ങൾ ശ്രീ ഗാന്ധിതന്നില്ലേ?

'പുരോഗതി' 'സമാധാനം' 'സ്വാതന്ത്ര്യ'മിമ്മൂന്നുമന്ത്രം
പുനഃപ്രകീർത്തിക്കു! മുദ്രാവാക്യങ്ങൾ!..

ജയ ജയ ഘോഷത്തോടെ നമുക്കു മുന്നോട്ടുപോകാം
ജയലക്ഷ്മിയതാ നമ്മെ കാത്തിരിക്കുന്നു.

**1122 കർക്കടകം**

---

സ്റ്റേറ്റ് കോ: പ്രസിഡൻറിൻെറ നിർദ്ദേശമനുസരിച്ച് തിരുവിതാംകൂർ ദിനമാചരിച്ചു രേണിക്കാവ് വി: കോ: നടത്തിയ മഹാസമ്മേളനത്തിൽ വായിക്കുവാനെഴുതിയതു്.

[illegible]

# XVI വിഷാദാത്മകനായ കവിയോട്

ഒന്ന്

തൂലികത്തുമ്പിൽ മഷിപുരട്ടി ച്ചിത്ര
ജാലങ്ങൾ നിർമ്മിച്ചു വാഴ്ത്തും കലാനിധേ!

അജ്ഞതജന്മാന്ധ ജീവിതത്തിന്നു ഞാൻ
മംഗളാശംസകളായിരം നേർന്നിടാം!...

മണ്ണിലിരുന്നങ്ങെഴുതവേ, ഭാവന
വിണ്ണിലുയർന്നു ചിറകു വിരിക്കവേ,

ലോലസുഭിക്ഷതയിൽ മുങ്ങി, സാനന്ദ-
മാലപിച്ചീടും പ്രണയഗാനങ്ങളിൽ

നേരിൽ വെളിച്ചം കലർത്തി, ശുഷ്കിച്ചൊരി
പ്പാരിൽ പരിതഃസ്ഥിതികൾ പകർത്തുവാൻ

എന്തിനായ് നിങ്ങൾ മടിക്കുന്നു? യാഥാർത്ഥ്യ-
മന്ധമായെന്തിന്നൊളിക്കുന്നു? സ്നേഹിതാ!

ഖേദം, ചലനം, ചുഴികളത്താഴ്ചകളായ്
താരു മാറാകുന്ന ജീവിതഗംഗകൾ

ഇങ്ങെങ്ങുകണ്ടിടാത്തോവാം വിദൂരത്തി-
ലങ്ങങ്ങു വാനിൽ തിരിയുന്നു? വിണ്ണണി,

മുററത്തിരുന്നു കവിത രചിക്കവേ
ചുററും കിടക്കും തകർന്നമൺകട്ടകൾ

കാണുവാനങ്ങേയ്ക്കു കണ്ണില്ല? കഷ്ടമ-
ത്താണവ,—'ചാണ കാണാത്തവ' കാണുമ്പാൻ
ഉണ്ടു്

സാമാന്യനീതിക്കു വേണ്ടിബുഭുക്ഷയാ-
ന്നീമണ്ണിലെത്രനാൾ പാവങ്ങൾ കേഴണം?..

പാരതന്ത്ര്യത്തിൻ കരിനിഴൽമൂടിയ,
ഭാരമേറും ദുർജീവിതംപേറണം?.

മർദ്ദനയാതനകൾക്കു വഴങ്ങിയ
നിർദ്ദയനീതിക്കു കാത്തുകിടക്കണം?

ആയവർ തൻ നെഞ്ഞിടിപ്പുകൾ കേൾക്കുവാ-
നാവാത്തനിങ്ങൾ ബധിരരല്ലല്ലി? ഹാ!

ആയവർതൻ ചുടുവീർപ്പുകൾ കേൾക്കുവാ-
നാവാത്തനിങ്ങളോ സാഹിതീസേവകർ?

അരപത്തിക്കൽപള്

പട്ടിണിപ്പുളയിൽ വേകുന്നാവന്നെന്തു?
പട്ടാംബരത്തിൻ പുത്തുമടക്കിട്ടുകിൽ.

പൊട്ടക്കട്ടിലിൽ ചുരുണ്ടുറങ്ങുന്നവൻ
പട്ടുനിമെത്തതൻ ഭംഗിപാടീടണോ?

കാവും കുളവും മയിലും കുയിലുമായ്
കാട്ടുകേറിപ്പോയതാവക ചിന്തകൾ

ചുറവും ചുട്ടു വീർപ്പു തീർത്തുകേണിട്ടുന്ന
മർത്ത്യ ശതത്തെയൊന്നെത്തിനോക്കീട്ടുകിൽ

കാണാം, വിചിത്രമാം വേഷങ്ങളായതിൽ
കേൾക്കാം, വിശപ്പിൻെറ വിപ്ലവഗീതികൾ...

മൂന്ന്

ഹേ കവേ! താവകജീവിതഗീതങ്ങ-
ളാകവേ ചിന്താമധുരങ്ങളാണയേ!

ഭാവനയ്ക്കുള്ളിൽ കരുപ്പിടിപ്പുള്ളോരു
ഭാവഗീതങ്ങളാണായവയെങ്കിലും

ഞാനൊന്നു ചോദിച്ചിടട്ടെ, ഭവാനൊരു
ന്യായവാദത്തിന്നൊരങ്ങവാനിഷ്ടമോ?

തപ്തഗീതങ്ങളാലെന്തിനിജ്ജീവിതം
"ശപ്ത" മെന്നോതിപ്പഴിപ്പൂ? ഭവാൻ, സ്വയം.

സന്തപ്തമാക്കുമിജ്ജീവിതം കേവലം
"സങ്കല്പ" മെന്നോതവമതം? സ്നേഹിതാ.

ചുററുപാടാകവേ വിസ്മരിച്ചെന്തിനായ്
ചുററിപ്പിടിപ്പൂ? ഭവാൻ താപ്തചിന്തയെ.

കർത്തവ്യബോധത്തെ വിസ്മരിച്ചീടുവാൻ
മർത്ത്യനോടെന്തിനായോതുന്നുവോ? ഭവാൻ

കൃത്യബോധത്തെ മറക്കുവാ—നല്ലല്ല
മൃത്യുവേപ്പോലും വരിപ്പാനുരപ്പു നീ.

ഹാ! ഹാ! ഭവദീയസന്താപഗീതിക-
ളാഹരിച്ചീടുന്നു മൽകലാ കൗതുകം!

നാലു്

അന്തമില്ലാത്തീമഹാകാവ്യമൊക്കെയും
ഹന്ത! നീ മേന്മേൽരചിക്കുന്നതെന്തിനായ്?

'സൗന്ദര്യപൂജന'മാണിതെന്നാകിൽ, നിൻ
സൗന്ദര്യബോധമേ മിഥ്യാഭിമാനമാം!...

പ്രേമനൈരാശ്യത്തിലെന്നപോൽ ജീവിതം
ഹോമകുണ്ഡത്തിലർപ്പിപ്പൂ? ഭവാൻ, സ്വയം

അങ്ങൊരാരാം നഷ്ടപ്പെടുന്നതോടൊപ്പമീ
മംഗലവേദിക്കമംഗളം ഫോക്കയായ്!!..

അന്ത്യ്

കർമ്മവീര്യത്തിൻ പ്രചോദനം നൽകാത്ത
നർമ്മഗീതത്തിലിന്നാർക്കുണ്ടു കൗതുകം?

സ്വപ്നലോകത്തെയുണർത്താൻ കഴിയാത്ത
തപ്തഗീതത്തിലിന്നാർക്കുണ്ടഭിരുചി?

കയ്യും കഴുത്തുമുയർത്താൻ കഴിയാതെ
മെയ്യിൽകിടക്കുന്ന "മെയ്‌വിലങ്ങി"പ്പൊഴും...!

'വായു'വിന്നങ്ങിങ്ങു മൂടുന്നി,താപ്രാണ–
വായുവിൽക്കൂടികലർന്നാവിഷാങ്കുരം!..

ഇപ്പൊഴുതും ഭവാൻതാവകജീവിത
തപ്തഗീതങ്ങളുമായ് സ്വയംകേഴുകിൽ,

നീറിനീറിപ്പുകഞ്ഞിട്ടു മാത്മാവൊത്തു
മാറിമാറിപ്പോകി നിൻസ്വപ്നവേദിയിൽ!..

ജീവരക്തത്തിൻ മഷിമുക്കി, വിപ്ലവ
ഗീതകങ്ങൾ രചിച്ചീടാൻ കഴിയുകിൽ,

കർമ്മവീര്യത്തിൻ കൊഴപ്പാൽ ഭവാനിനി
നിർമ്മിക്കമെങ്കിൽ സമരസംഗീതികൾ

ഹാ! ഹാ! ജഗത്തിന്നതില്പരം മറെറന്തു
മാഹാത്മ്യമേറാൻ കഴിയുമങ്ങേയ്ക്കഹോ!...

1944 മേയ്

---

# കുയിലിനോടു്

താപകലല്പഭേദമില്ലാതെ നീ
കൂവിയില്ലേ? കുയിലേയനാരതം

നൊന്തു നൊന്തു കരഞ്ഞതല്ലാതെ മ-
റ്റെന്തു നേടി?.. ചൊന്നീടുകിന്നോളവും

എത്രവാസന്തരാവുകളീവിധം
സിക്തസംഗീതമാക്കി? നിൻജീവിതം

പ്രേമലീലാവിലോലമാം താവക
ഗാനസാഹിത്യമാസ്വദിച്ചിന്നിതാ

നെഞ്ചകം കുളിർത്താവേശപൂർവ്വമാ-
പഞ്ചമ'മേറ്റു പാടുന്നു വാനിടം..

കാതിന്നിമ്പം കലർത്തുന്ന താവക
ഗാനസായൂജ്യമെങ്ങും ലയിച്ചിട്ടും

ഏറ്റുചൊല്ലുമഗ്ഗീതകമെപ്പോഴും
കൂറ്റെഴുന്നനിൻ കൂട്ടുകാരൊക്കെയും'...

എങ്കിലും ഞാൻ പറയട്ടെ, ആമര-
കൊമ്പിൽനിന്നു മിറങ്ങിവന്നീടുനീ

മാമരത്തിൻ മറവിലിരുന്നിനി
പാമരത്വം പുലത്താതിരിക്കൂ, നീ

സർവ്വസമ്പൽ സമൃദ്ധിവിരിക്കുമീ
യുർവ്വരയെ യുറക്കാതിരിക്കൂ, നീ

ഏകനായി തിരിഞ്ഞിരുന്നെപ്പോഴും
ശോക സംഗീതമാലപിക്കാതെ നീ.

ഉണ്ടൊരല്പം കഴിവുനിനക്കുമീ-
വിണ്ടലത്തെ വിയൽപ്പന്തമാക്കുവാൻ

കൂട്ടരൊത്തു ചിറകടിച്ചാർത്തിവി-
ട്ടാർത്തമോദം പറന്നു പാടിടുകിൽ

നിൻ ചിറകടിക്കാററിലും പാഴ്മരം
ചഞ്ചലത്വം പകന്നുനിന്നാടിടാം!

നിന്മനോരമഗാനത്തിലുംസ്വയ
മിമ്മഹീതലം കോരിത്തരിച്ചിടാം!

വിപ്ലവത്തിൻ വിശുദ്ധമാം രശ്മിക-
ളുണ്ടു കണ്ടൊയ് മുന്നോട്ടണഞ്ഞിടാം!

പാട്ടുകാരെയും പേടിച്ചിടേണ്ടനിൻ
പാട്ടുകളുയിർ പൂകട്ടെ ഗാനമായ്!

നിത്യ സ്വാതന്ത്ര്യമാന്നപൂവാടിയി
ലാവസന്തമണയുന്നവേളയിൽ

മാമരത്തിൻെറ കൊമ്പിലന്നശാര-
ത്തുമരന്ദരസം നുകന്നനാഹം

പാടിയാലും! പ്രണയസംഗീതിക-
ളാടിയാലും മതിയാകുംവോളവും!

അദ്ദിനംവരേയ്ക്കാദർശദീക്ഷയാൽ
മർദ്ദനത്തെ—യനീതിയെവെല്ലുവാൻ

പാട്ടുകാരെയും പേടിച്ചിടേണ്ട,നിൻ
പാട്ടുകളുയിർ പൂകട്ടെ ഗാനമായ്...

നിത്യസ്വാതന്ത്ര്യമാന്നപൂവാടിയി-
ലാവസന്തമണയുന്നവേളയിൽ

മാമരത്തിൻെറകൊമ്പിലന്നശാര-
ത്തുമരന്ദ രസം നുകന്നനാഹം

എഴു ചത. വ്

പാടിയാലും; പ്രണയസംഗീതിക-
ളാടിയാലും മതിയാകുവോളവും

അദ്ദിനംവരേയ്ക്കാദർശദീക്ഷയാൽ
മർദ്ദനത്തെ—യനീതിയെ വെല്ലുവാൻ

പാട്ടുകാരെയും പേടിപ്പിച്ചിടേണ്ട, നിൻ
പാട്ടുകളുയിർപ്പൂകട്ടെ ഗാനമായ്.

---

# XIX ആ ഗ്രാമീണഗായകൻ.

മുറയിട്ടുകേഴുക! താവകസംഗീത
മുരളി തകർന്നുപോയ്! ..കേരളമേ!

സുഷമയിലാനന്ദഗാനമൊഴുക്കിയ
സുഷിരങ്ങളെല്ലാമടഞ്ഞിതൊപ്പം

പ്രണയസംഗീതങ്ങൾപാടിത്തളർന്നോരാ
പ്രകൃതിജമോഹന'പ്പൊന്മുരളി'

പ്രണവസൗന്ദര്യമാം 'ദിവ്യഗീത'ങ്ങളാൽ
മണിവീണമീട്ടിയ'ചിന്മുരളി'

മരതകകാന്തികലർന്നനിൻമടിയിലായ്
മരവിച്ചുവീണുപോയമ്മുരളി!...

മുറയിട്ടു മുറയിട്ടു കേഴുക കേഴുക-
മ്മുരളീകളകളം പൂണ്ടനാടേ..,..

മരതകപ്പച്ച വിരിച്ചവാടങ്ങളിൽ
മലർനിരമേളിച്ചുനിന്നിടുമ്പോൾ

മധുവിധുവുത്സവമോടിക്കൂട്ടീടുവാൻ
മധുമാസ'ചന്ദ്രിക'യെത്തിടുമ്പോൾ

തളിരുണ്ടു മധുവുണ്ടു മാമരച്ചില്ലയിൽ
കളകളം പൂങ്കുയിൽ പാടിടുമ്പോൾ

തരുണമിഥുനങ്ങളിൽ കിക്കിളി കൂട്ടുവാ-
നണയുമിനിയുമാപ്രേമഗാനം

മഴമാറിത്തെളിയുമ്പോൾ—മുററത്തെവാഴയിൽ
മരതകച്ചില്ലകളാടിയാടി

'മലയജ'മാരുതനെത്തിപ്പുണരവേ
മലയാളമോക്കുമാശോകഗാനം!

ഹൃദയത്തുടിപ്പുകൾമാതിരി കർഷക-
ഹൃദയത്തിലുയരുമഗ്രാമ്യഗാനം

... ... ...

നലമൊട്ടുബാലകരാമ്പാടിക്കണ്ണന്റെ
കലയെഴും കേളികളാടിയാടി

ചെറുകാൽത്തളകൾ കിലുങ്ങിക്കളിച്ചുനൽ
ചെറുശ്ശേരിശീലുകൾ പാടിടുമ്പോൾ

കരളുകവിയുന്ന ഭക്തിയാൽ'തുഞ്ച'ൻെറ
ഹരിനാമകീർത്തനമാലപിക്കെ-

നവരസഭരിതമാം തുഞ്ചൻെറത്തുള്ളലിൽ
രസികതപാടിപ്പുകഴ്ത്തിടുമ്പോൾ

അഭിമാനപൂർണമെന്മലയാണ്മ പിന്നെയു-
മഭിനവമ“ദ്ദേവഗീതക”ളാൽ

കരയുക! കരയുക കൺപൊത്തി കരൾപൊട്ടി
കരയുക മാമക കാമ്യനാടേ!

അകലെയാഗ്രാമത്തിൽ കുന്നിൻപുറങ്ങളി-
ലലരിട്ടമരതകപ്പച്ചക്കാട്ടിൽ

അനുരാഗ സന്ദേശമോതിയങ്ങോളമി
ട്ടുരുവികളൊഴുകുമപ്പൂവനത്തിൽ

അവികലാനന്ദമന്നാടുമേച്ചാടുമേ
ച്ചുവിടൊക്കെ സംഗീതം പെയ്ത്തു പെയ്ത്തു

രമണീയചിന്തകൾ മൊട്ടിട്ടമിന്നുമാ
'രമണ'നാം ബാല്യസഖാവുമൊത്തു

എൻപദ്

വേദി പറഞ്ഞതെന്നൊക്കെ കളിക്കുട്ടിന്നന്ദി
തങ്കമക്കിടാവുണ്ണികളുണ്ണുന്നേപ്പോൾ!....

ഉയിരാർന്ന സംഗീതരൂപമായെന്നോണം
ശോകമറിഞ്ഞിരുന്നില്ലനിമന്നി!

വളരാത്ത—വററാത്ത—പതറാത്ത സംഗീത-
മുരളി! നീയെന്നാരുമോർത്തതില്ല!

വിലപെറും ഗ്രാമീണ ഗാനങ്ങളാലെ നീ
കലകൾക്കു കമനീയ കാന്തികൂട്ടി!

മഥിതരാം പട്ടിണിപ്പാവകൾക്കായിനിൻ
വ്യഥയാളും ഹൃദയം നീ കാഴ്ചവച്ചു!

അവശർക്കാ യാർത്തർക്കാ യാത്മീയചിന്തയാ-
ലവസരം നോക്കാതെ—മങ്ങിടാതെ

അവകാശവാദം മുഴക്കുന്നതിപ്പൊഴു
മവികീർണ്ണമാകുമക്കാവ്യശില്പം

അവിരളസംഗീതം മൊട്ടിട്ടു മിന്നും നീ—
യവികലസംഗീത മെങ്ങുമെന്നും?

അകതാരതൊന്നു നീ പാടിയ പാട്ടുക-
ളകമലിയിക്കുന്നതായിരുന്നു.

മൃദുല മന്ദസ്മിത രൂപവുംശോകാർദ്ര
ഹൃദയവുമായതിലൊത്തു കണ്ടു!

അപരമാമൊരു ചിത്രമായതിലാവശ്യ
മവകാശവിപ്ലവമാർന്നചിത്രം

അതിനുള്ളിലാശയം തളിരിട്ടുനിന്നിട്ടു
മൊരു ദഗ്ധചൈതന്യ-മാത്മരൂപം!

വരളാത്തകണ്ണുനീരുറവകളൊന്നായ
കരളിലൂടാകവേ കണ്ടു ലോകം...

മലയാളമാകന്ദശാഖയിൽ ‘തുഞ്ച’ത്തു
മകരന്ദംപെയ്തമണിക്കുയിലേ!

മലയാണ്മയേപ്പുൽകി,യെന്നേക്കും താവക-
മധുരസംഗീതികൾ മാറ്റൊലിക്കും...

മുറയിട്ടു മുറയിട്ടു കേഴുകമ്മുരളിക
മരണക്കിടക്ക വിരിച്ചുനാടേ!

കരയുക! കരയുക! കൺപൊത്തി, കരളുപൊട്ടി
കരയുക! മാമക കാമ്യനാടേ!......

---

മലയാളത്തിലെ പൂങ്കോകിലത്തിന്റെ—ശ്രീ. ചങ്ങമ്പുഴയുടെ ചരമവാസരത്തിൽ അനുശോചിച്ചു് എഴുതിയതു്.

---

എൺപത്തിമൂന്നു്

---

Printed at the Dharma Desam press, Tvm.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M910 *Acc. No.* 13470

This book should be returned on or before the date last stamped below.

MA 10 13470

രാമചന്ദ്രൻ

~~[illegible]~~ ചിറ്റൂ

ഒക. വി.

ഗ്രാമീണ ഗായകൻ

KOTTAYAM PUBLIC LIBRARY

Call No. MA.10

Acc. No. 13470

Author രാമചന്ദ്രൻ പിള്ള കെ.പി.

Title ഗ്രാമീണഗായകൻ

Indic Digital Archive Foundation

gpura.org